# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ചാലക്കുടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം.കെ.എസ്.എ.ടി.എസ്.ആർ (എം 3)162/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 02/04/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചാലക്കുടി മുനിസിപ്പാലിറ്റി

സർ,

**വിഷയം : ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നമ്പർ: നം.കെ.എസ്.എ.ടി.എസ്.ആർ (എം 3)162/2022 തീയ്യതി: 02/04/2022

## തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 72 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷാജി കെ | ജോയന്റ് ഡയറക്ടർ | 13-01-2022 | 29-01-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-01-2022 | 29-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഷീന.കെ.ടി,ഓഡിറ്റ് ഓഫീസർ (22.01.2022 വരെ)
ശ്രീ ശിവദാസൻ.എ).കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രവിദ.പി.എ),അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സിജു.പി.ഡാംസൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ്.എം.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ സുരേന്ദ്രൻ, ഓഡിറ്റർ
ശ്രീ സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജയന്തി പ്രവീൺകുമാർ | ചെയർപേഴ്സൺ | 01-04-2020 | 10-11-2020 |
| അഡ്ഹോക്ക് കമ്മിറ്റി | ചെയർമാൻ | 11-11-2020 | 31-12-2020 |
| ശ്രീ. പൈലപ്പൻ | ചെയർമാൻ | 01-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ആകാശ് എം എസ് | സെക്രട്ടറി | 01-04-2020 | 30-06-2020 |
| ശ്രീ സുഭാഷ് എം കെ | സെക്രട്ടറി(അധിക ചുമതല) | 01-07-2020 | 15-07-2020 |
| ശ്രീ ആകാശ് എം എസ് | സെക്രട്ടറി | 15-07-2020 | 31-01-2021 |
| ശ്രീ സുഭാഷ് എം കെ | സെക്രട്ടറി(അധിക ചുമതല) | 01-02-2021 | 15-02-2021 |
| ശ്രീ ആകാശ് എം എസ് | സെക്രട്ടറി | 15-02-2021 | 31-03-2021 |
| ശ്രീ സുഭാഷ് എം കെ | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ അശോക് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ ബാലസുബ്രഹ്മണ്യം വി സി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ പ്രദീപൻ എ എൻ | പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ പോൾ സ്റ്റീഫൻ | കൃഷി ഓഫീസർ | 01-04-2020 | 22-06-2020 |

| | | | |
|---|---|---|---|
| ശ്രീ തോമസ് | കൃഷി ഓഫീസർ | 22-06-2020 | 31-03-2021 |
| ശ്രീമതി സ്മിത ജോസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ സാജൻ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 27-11-2020 |
| ശ്രീ മനോജ് | വ്യവസായ വികസന ഓഫീസർ | 27-11-2020 | 24-02-2021 |
| ശ്രീ സെബി | വ്യവസായ വികസന ഓഫീസർ | 24-02-2021 | 31-03-2021 |
| ശ്രീമതി റീന കെ യു | ഹെഡ്മിസ്ട്രസ്സ്,എൽ പി സ്കൂൾ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷീബ | ഹെഡ്മിസ്ട്രസ്സ്,ഗേൾസ് ഹൈസ്കൂൾ | 01-04-2020 | 31-03-2021 |
| ശ്രീമതി പുഷ്പവല്ലി | ഹെഡ്മിസ്ട്രസ്സ്,ബോയ്സ് ഹൈസ്കൂൾ | 01-04-2020 | 31-03-2021 |
| ശ്രീമതി മേരി പി സി | ഹെഡ്മിസ്ട്രസ്സ്,വി ആർ പുരം ഹൈസ്ക്കൂൾ | 01-04-2020 | 31-03-2021 |
| ശ്രീമതി ജെയ്സി ആന്റണി | പ്രിൻസിപ്പൾ, ജി വി എച്ച് എസ് എസ് | 01-04-2020 | 31-03-2021 |
| ഡോ ഷീജ എൻ എ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |
| ഡോ സിസി എ എൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി ജുബീന | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ മോളി ആന്റണി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി-അവലോകനം<br>Written By: Sivadasan A K (Asst. Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-9 |
| 10 | ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Dhanya.A (Auditor, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-10 |
| 11 | ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല-വരുമാനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-11 |
| 12 | വസ്തു നികുതി- ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-12 |
| 13 | വാടക-ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-13 |
| 14 | Prior Period Items-രേഖപ്പെടുത്തലുകൾക്ക് ആധാരമായ രേഖകളില്ല<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-14 |
| 15 | ജേണൽ വൌച്ചർ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് വൌച്ചറുകൾ ഇല്ല<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-15 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-16 |
| 17 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഇല്ല | 1-17 |

| | | |
|---|---|---|
| | Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | |
| 18 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-18 |
| 19 | മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-19 |
| 20 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തി നിർമാണം- തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-20 |
| 21 | വായ്പ രജിസ്റ്ററിലെ കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-21 |
| 22 | പാസ്സ്ബുക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Dhanya.A (Auditor, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-22 |
| 23 | ബാധ്യത ശീർഷകങ്ങളും തത്തുല്യമായ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-23 |
| 24 | ബാങ്ക് റീ കൺസിലിയേഷൻ പത്രികകൾ- തുടർനടപടി സ്വീകരിക്കേണ്ട ഇനങ്ങൾ<br>Written By: Dhanya.A (Auditor, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-24 |
| 25 | സ്റ്റോക്ക് രജിസ്റ്റർ ഇല്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-25 |
| 26 | വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-26 |
| 27 | നഗരസഭ വാർഷികകണക്കുകളോടൊപ്പം സമർപ്പിച്ച Key Ratios, Cash Flow Statement എന്നിവ പരിശോധിച്ച് തയ്യാറാക്കിയ നിരീക്ഷണങ്ങൾ<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-27 |
| 28 | ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് രേഖപ്പെടുത്തലുകൾ കൃത്യമല്ല- ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മ<br>Written By: Dhanya.A (Auditor, On 01-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-28 |
| 29 | ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീ അടവാക്കിയിട്ടില്ല<br>Written By: Dhanya.A (Auditor, On 09-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-29 |
| 30 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല<br>Written By: Dhanya.A (Auditor, On 01-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-30 |
| 31 | സെന്റ് ജയിംസ് ഹോസ്പിറ്റൽ- അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചത് ചട്ട പ്രകാരമല്ല.<br>Written By: Sumitha T.S (Asst. Audit Officer, On 01-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-31 |
| 32 | എൻ എസ് എസ് കരയോഗം കോംപ്ളക്സ് | 1-32 |

| | | |
|---|---|---|
| | -പെർമ്മിറ്റില്ലാതെ നിർമ്മാണം നടത്തി.<br>Written By: Sumitha T.S (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | |
| 33 | വസ്തുനികുതി പിരിവ് കൃത്യമാക്കുന്നതിനും സഞ്ചയ ഡാറ്റാ എൻട്രി പൂർത്തീകരിക്കുന്നതിനും നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.<br>Written By: Dhanya.A (Auditor, On 01-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-33 |
| 34 | വസ്തുനികുതി- രേഖകൾ ഹാജരാക്കിയില്ല<br>Written By: Dhanya.A (Auditor, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-34 |
| 35 | അനധികൃത കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നു<br>Written By: Dhanya.A (Auditor, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-35 |
| 36 | വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല<br>Written By: Dhanya.A (Auditor, On 01-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-36 |
| 37 | നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിച്ചു.<br>Written By: Dhanya.A (Auditor, On 01-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-37 |
| 38 | അനധികൃത കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു<br>Written By: Dhanya.A (Auditor, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-38 |
| 39 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Dhanya.A (Auditor, On 02-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-39 |
| 40 | മുൻസിപ്പാലിറ്റിയുടെ മാർക്കറ്റ് ബിൽഡിങ്ങിലെ സ്റ്റാളുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Dhanya.A (Auditor, On 02-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-40 |
| 41 | നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടമുറികൾ ഒഴിഞ്ഞു കിടക്കുന്നതു സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-41 |
| 42 | മുനിസിപ്പൽ വസ്തുക്കളുടെ വസ്തു വിവരപ്പട്ടിക സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-42 |
| 43 | വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതുന്നില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-43 |
| 44 | മുറികൾ ലേലം ചെയ്യുന്നതു സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-44 |
| 45 | കണ്ടിൻജന്റ് തൊഴിലാളികളുടെ എൻ പി എസ് വിഹിതം അടവാക്കുന്നില്ല.<br>Written By: Sheena K T (Audit Officer, On 08-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-45 |
| 46 | ടൗൺ ഹാളിൽ അക്കൗസ്റ്റിക്ക് സംവിധാനം ഒരുക്കൽ. സെന്റേജ് ചാർജ് അധികം കണക്കാക്കിയ 203291 രൂപയുടെ | 1-46 |

| | | |
|---|---|---|
| | ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | |
| 47 | വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-47 |
| 48 | ഫയലുകൾ ഹാജരാക്കിയിട്ടില്ല.8707383 രൂപയുടെ ചിലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-48 |
| 49 | ടൗൺ ഹാൾ പൂർത്തീകരണം. പ്രവർത്തി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകേണ്ടതാണ്<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-49 |
| 50 | ഫയലുകൾ ഹാജരാക്കിയിട്ടില്ല. 2255503രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-50 |
| 51 | ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.5,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-51 |
| 52 | പദ്ധതി രൂപീകരണ മോണിറ്ററിംഗ് ചെലവ്-198180 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-52 |
| 53 | അന്നമനട ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥിക്ക് ആനുകൂല്യം നല്കി.-സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 22703 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-53 |
| 54 | ഓഫീസ് കമ്പ്യൂട്ടർവത്കരണം-ഇൻവോയ്സ് ലഭ്യമായിട്ടില്ല-സ്റ്റോക്ക് എൻട്രി ഇല്ല-612535 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-54 |
| 55 | ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല-1000000 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-55 |
| 56 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ-സാങ്കേതികാനുമതി-കരാർ-രസീത്-പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ഇല്ല-20,00,000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-56 |
| 57 | തുല്യത പരീക്ഷ -പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ലഭ്യമല്ല-1,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-57 |
| 58 | | 1-58 |

| | | |
|---|---|---|
| | കസേര വാങ്ങിയതിന്റെ ചെലവ് 2996097 രൂപ ആസ്തിയിൽ ഉൾപ്പെടുത്തേണ്ടതാണ്<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | |
| 59 | നഗരസഭ അസറ്റ് ജി ഐ എസ് മാപ്പിംഗ്- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-59 |
| 60 | വീട് ധനസഹായം- ഗുണഭോക്തൃ രജിസ്റ്റർ ഇല്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-60 |
| 61 | ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.2000000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-61 |
| 62 | തെരുവ് നായ്ക്കളുടെ നിയന്ത്രണം-വിനിയോഗ സാക്ഷ്യപത്രം ഇല്ല.<br>Written By: Sheena K T (Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-62 |
| 63 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ഇല്ല.<br>Written By: Sheena K T (Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-63 |
| 64 | സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് തുക അടവാക്കുന്നില്ല<br>Written By: P.A.Pravida (Audit Officer, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-64 |
| 65 | വക്കീൽ ഫീസ് നൽകിയത്- ടി ഡി എസ് കുറവ് ചെയ്തിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-65 |
| 66 | വാട്ടർ അതോറിറ്റിയിൽ നിന്നും തുക തിരികെ ലഭ്യമാക്കിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-66 |
| 67 | താലൂക്ക് ആശുപത്രിയിൽ ഹൈടെൻഷൻ വലിയ്ക്കൽ- എസ്റ്റിമേറ്റിനേക്കാൾ അധികതുക നൽകി-പ്രൊജക്ട് പൂർത്തീകരിച്ചിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-67 |
| 68 | പാലിയേറ്റീവ് കെയർ പ്രൊജക്റ്റ്- ഫിസിയോ തെറാപ്പിസ്റ്റിന്റെ നിയമനം-സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്<br>Written By: P.A.Pravida (Audit Officer, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-68 |
| 69 | നൽകിയ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-69 |
| 70 | ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി -ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Sheena K T (Audit Officer, On 08-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-70 |
| 71 | പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക, 19,48,86,087 രൂപ<br>Written By: Sheena K T (Audit Officer, On 09-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-71 |

| | | |
|---|---|---|
| 72 | മാലിന്യസംസ്കരണം ഗാർഹികതലം-പദ്ധതിയിലെ ഗുണഭോക്തൃവിഹിതം ആനുപാതികമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Sheena K T (Audit Officer, On 09-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-72 |
| 73 | ഹോമിയോ ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- പ്രോജക്ടിൽ ഉൾപ്പെടാത്ത ഉപകരണങ്ങൾ വാങ്ങിയത് ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Sheena K T (Audit Officer, On 09-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-73 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saleesh M.G (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 25.03.2020, തീരുമാനം 1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 1052831581 | 1027005644 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 28/01/2021 ലെ തീരുമാനം 1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 58,92,00,979 | 56,24,14,481 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | സ്വീകരിച്ച തിയതി |
|---|---|---|
| 31.07.2021 | 30/07/2021 | 06/01/2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6,19,82,915.88 |
| വരവ് | 34,18,17,728 |
| ആകെ | 403800643.88 |
| ചെലവ് | 34,61,85,056 |
| നീക്കിയിരിപ്പ് | 5,76,15,587.88 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 65743240 | 65743240 | 60735973 | 40148 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 13664000 | 13664000 | 10462521 | 3201479 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 61586100 | 61586100 | 61586100 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 12538883 | 12538883 | 10063612 | 2475271 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (Basic) | 0 | 59600041 | 59600041 | 37216348 | 22383693 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 376 | 170157096 | 248 | 114308753 | 125 | 3 | 65.95 |

## 1-6 തൊഴിലുറപ്പ് പദ്ധതി-അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ & ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 165924.50 | 10049912 | 10215836.50 | 99692205 | 246631.50 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2880 | 2 |
| കർഷക തൊഴിലാളി പെൻഷൻ | 3517900 | 255 |
| വിധവാ പെൻഷൻ | 31677800 | 2193 |
| വാർദ്ധക്യകാല പെൻഷൻ | 58177400 | 4500 |
| വികലാംഗ പെൻഷൻ | 7036400 | 479 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1947700 | 138 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 450000 | 15 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2022 ന് 3

PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 103300- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി തയ്യാറാക്കുകയോ മുൻകൂറുകൾ ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2. നിലവിലുള്ള വരുമാനങ്ങൾ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും കണക്കുകളും കൃത്യമായി സൂക്ഷിക്കുന്നില്ല. വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് കണക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവയുമായി ബന്ധപ്പെട്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല. നിരവധി സ്ഥാപനങ്ങളിൽനിന്നും സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയതായി കാണുന്നില്ല.

4. നഗരസഭയുടെ ജനറൽ കമ്മിറ്റി മീറ്റിംഗുകളുടെ മിനിറ്റ്സ് പരിശോധനയിൽ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി കമ്മിറ്റി അവലോകനം ചെയ്യുന്നതായി കാണുന്നില്ല.

## 1-10 ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 6,08,957 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. (ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-11 ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല-വരുമാനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കുന്നതിനും ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54എഫ് &ഐ) (കേരള മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.59). നിലവിൽ വരവിനങ്ങൾക്ക് ഡിമാന്റ് രജിസ്റ്ററുകൾ മേൽപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

5. വിനോദനികുതി

6. വാടക ഡിമാന്റ് രജിസ്റ്റർ

7. മാർക്കറ്റ് ഫീ

8. ബസ് സ്റ്റാന്റ് ഫീ

ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും സംക്ഷിപ്തം തയ്യാറാക്കാതെയും കണക്കുകളിൽ വരുമാന ഇനങ്ങളുടെ ഡിമാന്റ് തുക സാങ്കല്പികമായി ചേർക്കുന്നതാണെന്ന് കാണുന്നു. ആയതിനാൽ വാർഷികകണക്കുകളിലെ വരുമാനങ്ങളുടെ ഡിമാന്റ് തുക, ബാലൻസ്ഷീറ്റിൽ ഈയിനത്തിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. (ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 വസ്തു നികുതി- ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. (കേരള നഗരപാലിക അക്കൌണ്ട് ചട്ടങ്ങൾ 2007,ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. (മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.13 മുതൽ 6.16വരെ) ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.

1. എന്നാൽ 2020-21 ലെ “110100100-Property Tax (General)" എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 30/11/20 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. വർഷാരംഭത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല, സാമ്പത്തിക വർഷാവസാനവും രേഖപ്പെടുത്തലുകൾ ഇല്ല. ഇതിൽ നിന്നും ഡിമാന്റ് തുക സാങ്കല്പികമാണെന്ന് കാണാവുന്നതാണ്.

2. ഈ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൌച്ചറുകളും ഇല്ല.

3. ഡിമാന്റ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നിയമപ്രകാരമുള്ള ഡിമാന്റ്, റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

മേൽ കാരണങ്ങളാൽ വസ്തുനികുതി ഇനത്തിൽ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ ചേർത്ത തുക, ബാലൻസ് ഷീറ്റിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. (ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 വാടക-ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം ഡിപ്പാർട്ട്മെന്റ് ഹെഡ് തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൌണ്ട് ചട്ടങ്ങൾ 2007,ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത് (മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007, ഖണ്ഡിക 10.21 മുതൽ 10.23വരെ). എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ രണ്ടു തവണ മാത്രമായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് തുക | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130109900-Rent From Other Civic Amenities | 10608760<br>1385741 | 30/11/20<br>31/12/20 | 42000171<br>42000459 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-14 Prior Period Items-രേഖപ്പെടുത്തലുകൾക്ക് ആധാരമായ രേഖകളില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100401-Prior Period Income - Licence Fee | (42632) |
| 280800300-Prior Period -Operations | 1026663 |

| | |
|---|---|
| And Maintenance Expenses | |
| 280800700-Prior Period -Miscellanous Expenses | 6737985 |
| 280800100-Prior Period-Establishment Expenses | 24810 |
| 280800200-Prior Period-Administrative Expenses | 118013 |

(ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-15 ജേണൽ വൌച്ചർ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് വൌച്ചറുകൾ ഇല്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൌണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നമ്പർ 24,25,26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കുന്നില്ല. (ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-17 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഇല്ല**

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 22871986 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഡിപ്രിസിയേഷന്റെ ഷെഡ്യൂൾ, വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല .(ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-18 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതിയിൽ ആരുടെയെല്ലാം ഡെപ്പോസിറ്റുകളാണ് തിരികെ നല്കേണ്ടതെന്ന് വ്യക്തമാക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. (ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-19 മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B18 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതിയിൽ ആരുടെയെല്ലാം മുൻകൂറുകളാണ് തിരികെ ലഭിക്കാനുള്ളത്/ക്രമീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. (ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-20 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തി നിർമാണം- തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും "Income And Expenditure Account" പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007, ഖണ്ഡിക 3.17(ഡി) പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.(ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-21 വായ്പ രജിസ്റ്ററിലെ കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

വായ്പ ഇനത്തിൽ തൻവർഷം 3768576 (330500100 – Loans From Banks) രൂപ വരവുണ്ട്. 31/3/2021 ൽ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5ൽ ചേർത്തിട്ടുള്ള തുക താഴെ ചേർക്കും പ്രകാരമാണ്.

| ശീർഷകം | തുക |
|---|---|
| 330500100-Loans From Banks | 3768576 |
| 330500202-Loan From Hudco | 10373333 |
| ആകെ | 14141909 |

എന്നാൽ മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007, ഫോം BR-1 മാതൃകയിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി വായ്പ രജിസ്റ്റർ തയ്യാറാക്കുകയോ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-22 പാസ്സ്ബുക്ക് ഹാജരാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ നീക്കിയിരിപ്പുകളുടെ കൃത്യത പാസ്സ്ബുക്കുകൾ ഹാജരാക്കാത്തതിനാൽ/ റീകൺസീലിയേഷൻ പത്രിക ഹാജരാക്കത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് അക്കൌണ്ട് | 31/3/21 ലെ നീക്കിയിരിപ്പ് | | |
|---|---|---|---|
| 450220700-HDFC Pension | 1494 | | പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല |
| 450220800-HDFC POS Machine | 2686063 | | പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല |
| 450250200-Treasury PD Account | 781472 | ബാങ്ക് റീകൺസീലിയേഷൻ ഇല്ല | പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല |
| 450610100-IHSDP-Bank Of Baroda | 2121360.5 | ബാങ്ക് റീകൺസീലിയേഷൻ ഇല്ല | പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല |

(ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-23 ബാധ്യത ശീർഷകങ്ങളും തത്തുല്യമായ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4 എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരം ബാധ്യത തുകകൾക്ക് തത്തുല്യമായ ബാങ്ക് അക്കൌണ്ടുകളോ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യത തുകകളോ വാർഷികകണക്കിൽ കാണുന്നില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-24 ബാങ്ക് റീ കൺസിലിയേഷൻ പത്രികകൾ- തുടർനടപടി സ്വീകരിക്കേണ്ട ഇനങ്ങൾ

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട്പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് /ക്രെഡിറ്റ് തുകകൾ 31/3/21 വരെയുള്ള റീകൺസീലിയേഷൻ പത്രിക യിൽ " Directly Debited By Bank" , "Directly Credited By Bank" എന്ന രീതിയിൽ കുറവ് ചെയ്തും കൂട്ടിയും ബാങ്ക് ബുക്ക് പാസ്സ്ബുക്ക് നീക്കിയിരിപ്പുകൾ ക്രമീകരിക്കുകയാണ് ചെയ്തിരിക്കുന്നത്.

(I)" Directly Debited By Bank" തുകകൾ നഗരസഭയുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,നഗരസഭയുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

(Ii) "Directly Credited By Bank" ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ നഗരസഭക്ക് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

(Iii) കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007(ചട്ടം 45)).ആയത് ക്രമീകരിക്കേണ്ടതാണ്.

(Iv) നഗരസഭ ലഭിച്ച തുകകൾ ബാങ്കിൽ നിക്ഷേപിച്ചിട്ടും നാളിതു വരെ ബാങ്കിൽ ക്രെഡിറ്റ് വരാത്ത തുകകൾ "Cheque Deposited But Not Collected" എന്ന രീതിയിൽ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ നിക്ഷേപിച്ചിട്ട് മാസങ്ങളായിട്ടും നാളിതുവരെ ക്രെഡിറ്റ് വരാത്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു. തുക നഗരസഭയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | Directly Debited By Bank | Directly Credited By Bank | ഇഷ്യൂ ചെയ്ത കാലാവധി കഴിഞ്ഞ ചെക്കുകൾ | നിക്ഷേപിച്ച ചെക്കുകൾ കാലഹരണപ്പെട്ടത് |
|---|---|---|---|---|
| HDFC POS Machine | 3309.20 | 382.02 | -- | -- |
| Bank Of Baroda (AUEGS) | 59803.44 | 118042.37 | -- | -- |
| SBT Own | 3443323.47 | 4862767.14 | 3211630 രൂപയിൽ | 4104562 |

| | | | | |
|---|---|---|---|---|
| Fund | | | 12/4/17 മുതൽ 30/9/2020 വരെയുള്ള ചെക്കുകൾ | (ജൂൺ 2016 മുതൽ മാർച്ച് 1,2021 വരെ നിക്ഷപിച്ച ചെക്കുകൾ) |
| SBT Current Account | 1675982.8 | 1530017.22 | 1530017.22 | 2315608 |
| Bank Of Baroda | | 20319 | | |

(ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-25 സ്റ്റോക്ക് രജിസ്റ്റർ ഇല്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 850330 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ മുനിസിപ്പൽ അക്കൌണ്ട്സ് മാന്വലിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുകയോ സ്റ്റോക്കിന്റെ മൂല്യനിർണയം നടത്തുകയോ ചെയ്തിട്ടില്ല.(മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007 ഖണ്ഡിക 12.21 മുതൽ 12.31 വരെ)(ഓഡിറ്റ് എൻക്വയറി 51 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-26 വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ**

സാംഖ്യ സോഫ്റ്റ് വെയറിൽ ആണ് കണക്കുകൾ തയ്യാറാക്കുന്നതെങ്കിലും സോഫ്റ്റ്‌വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ ഓരോ മാസത്തേക്കും ഉള്ള നമ്പരുകൾ മാന്വൽ ആയി വൗച്ചറുകളിൽ ചേർക്കുന്നു. ക്യാഷ്ബുക്ക്,ബാങ്ക് ബുക്കിൽ ഉള്ള പേയ്മെന്റ് വൗച്ചർ നമ്പർ അല്ല വൗച്ചറുകളിന്മേൽ രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളുടെ വൗച്ചറുകളും ക്രമമായി സൂക്ഷിക്കണമെന്നിരിക്കെ മുനിസിപ്പൽ ഫണ്ടിലെ തനത് ഫണ്ടിന്റെ വൗച്ചറുകൾ മാത്രം ക്രമമായി സൂക്ഷിച്ചിരിക്കുന്നു.വൗച്ചറുകൾ ഏതു ശീർഷകത്തിൽ രേഖപ്പെടുത്തി എന്ന് വ്യക്തമാക്കുന്ന “Payment Voucher” പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടുമില്ല.മാന്വൽ ക്യാഷ് ബുക്ക് സൂക്ഷിക്കുകയും പിന്നീട് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്തു വരുന്നത്.

(ഓഡിറ്റ് എൻക്വയറി 51, തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-27 നഗരസഭ വാർഷികകണക്കുകളോടൊപ്പം സമർപ്പിച്ച Key Ratios, Cash Flow Statement എന്നിവ പരിശോധിച്ച് തയ്യാറാക്കിയ നിരീക്ഷണങ്ങൾ**

നഗരസഭ വാർഷികകണക്കുകളോടൊപ്പം സമർപ്പിച്ച Key Ratios, Cash Flow Statement എന്നിവ പരിശോധിച്ച് തയ്യാറാക്കിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**1. Income &Expenditure Account പ്രകാരം മിച്ചം, എന്നാൽ വരുമാനം കണക്കാക്കിയതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കാത്തതിനാൽ ആയത് സാക്ഷ്യപ്പെടുത്താനാകില്ല.**

1.1 ചാലക്കുടി നഗരസഭയുടെ 2020-21 വർഷത്തെ Income &Expenditure Account പ്രകാരം 2.70 കോടി രൂപ മിച്ചം/Surplus ഉണ്ട്. വസ്തു നികുതി ഉൾപ്പെടെയുള്ള Tax Revenue വരുമാനം ആയി ഉൾപ്പെടുത്തിയിട്ടുള്ളത് 4.79 കോടി രൂപയാണ് .എന്നാൽ നികുതി വരുമാനങ്ങളുടെ ഡിമാന്റ് തുകയുടെ കൃത്യത ഉറപ്പാക്കുന്ന രീതിയിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ഡിമാന്റ് തുകയുടെ കൃത്യത Income &Expenditure Account പ്രകാരം കണക്കാക്കുന്ന മിച്ചം തുകയേയും ബാലൻസ്ഷീറ്റ് പ്രകാരം ചേർത്തിട്ടുള്ള ഈയിനത്തിലുള്ള കുടിശ്ശികയേയും നേരിട്ട് ബാധിക്കുന്നു. ബാലൻസ് ഷീറ്റ് പ്രകാരം നികുതി ഇനങ്ങളിലുള്ള കുടിശ്ശിക 1.36 കോടിയാണ്.ഈ തുക ആരെല്ലാമാണ് തരാനുള്ളത് എന്ന് കണക്കാക്കാവുന്ന രീതിയിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ വരുമാനം, കിട്ടാനുള്ള തുകകൾ എന്നിവ സംബന്ധിച്ച് ഓഡിറ്റ് സാക്ഷ്യപ്പെടുത്തുന്നില്ല.

**2. 2020-21 ൽ ക്യാഷ് /ബാങ്ക് തത്തുല്യമായവയുടെ 43.77 ലക്ഷം കുറവ് സംഭവിച്ചു**

2.1 ക്യാഷ് ഫ്ലോ പത്രികയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Opening Balance Of Cash And Cash Equivalents On 1/4/20<br>(ക്യാഷ് /ക്യാഷിന് തുല്യമായവയുടെ മുന്നിരിപ്പ്) | 61982915.88 |
| Net Decrease In Cash And Cash Equivalents During 2020-21<br>(2020-21 ൽ ക്യാഷ് /ക്യാഷിന് തുല്യമായവയിൽ സംഭവിച്ച കുറവ്) | (4377328) |
| Closing Balance Of Cash And Cash Equivalents On 31/3/21<br>(ക്യാഷ് /ക്യാഷിന് തുല്യമായവയുടെ നീക്കിയിരിപ്പ്) | 57615587.88 |

മേൽ പ്രകാരം ക്യാഷ് /ക്യാഷിന് തുല്യമായവയുടെ 4377328 രൂപ കുറവ് വന്നത് പ്രവർത്തനാടിസ്ഥാനത്തിൽ ഇനം തിരിച്ച് വിവരം ചുവടെ ചേർക്കുന്നു

| വിവരണം | തുക |
|---|---|
| Net Cash Generated By Operating Activities<br>(ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നും ഉണ്ടായ ക്യാഷ്) | 55650827 |
| Net Cash Generated/Used Up By Investing Activities<br>(ആസ്തി നിർമാണം ,ബാധ്യത തിരിച്ചടവ് തുടങ്ങിയ നിക്ഷേപ പ്രവൃത്തികളിൽ വിനിയോഗിച്ച കാഷ്) | (57868210) |
| Net Cash Generated/Used Up By Financing Activities<br>(ധനകാര്യ പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിച്ച കാഷ്) | (2149945) |
| Net Result<br>(2020-21 വർഷത്തിൽ ക്യാഷ്/ക്യാഷ് തത്തുല്യമായവയിൽ ആകെയുണ്ടായ കുറവ്) | (4377328) |

ക്യാഷ് ഫ്ലോ പത്രിക പ്രകാരം Net Cash Generated By Operating Activities 5.56കോടി രൂപ ആണെങ്കിലും 2020-21 വർഷത്തിൽ ആകെയുള്ള പ്രവർത്തനഫലമായുള്ള കാഷ് ഫ്ലോ നെഗറ്റീവ് ആയാണ് കാണുന്നത്. അതായത്, 2020-21 വർഷത്തിൽ ക്യാഷ്/ക്യാഷ് തത്തുല്യമായവയിൽ ആകെയുണ്ടായ കുറവ് 43.67 ലക്ഷം രൂപയാണ്.അതായത് മുനിസിപ്പാലിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള Cash Inflow യിൽ നിന്നും ദൈനം ദിന പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക കുറവ് ചെയ്ത് മിച്ചമുള്ള തുക 5.56 കോടി രൂപയാണെങ്കിലും മുനിസിപ്പാലിറ്റിയുടെ മറ്റ് പ്രവർത്തനങ്ങളിൽ നിന്ന് തുക ലഭിക്കുകയും ചെലവഴിക്കുകയും ചെയ്ത് കഴിഞ്ഞപ്പോൾ 43.67 ലക്ഷം രൂപയുടെ കുറവാണ് 2020-21 വർഷം ഉണ്ടായത്. ഇതിന് കാരണം Investing പ്രവർത്തനങ്ങൾക്ക് 5.79 കോടി രൂപയും വായ്പ ,മുൻകൂർ നല്കൽ എന്നിവയ്ക്ക് 21.50 ലക്ഷം രൂപയും വിനിയോഗിച്ചതാണ്.Investing പ്രവർത്തനങ്ങൾക്ക് തുക കൂടുതലായി വിനിയോഗിക്കുന്നത് ക്രിയാത്മകമായി കണക്കാക്കാവുന്നതാണ്. എന്നാൽ ആസ്തി നിർമാണ പ്രവർത്തനങ്ങൾക്കല്ല മറിച്ച് 350000000 - Other Liabilities,311000000 Earmarked Funds, എന്നീ ശീർഷകങ്ങളിൽപ്പെടുന്ന ബാധ്യത അടച്ച് തീർക്കാനാണ് 5.79 കോടിയിൽ (4.78 കോടി +77.17ലക്ഷം) 5.55കോടി രൂപയും ചെലവഴിച്ചത് എന്ന് കാണാം.അതായത് മുനിസിപ്പാലിറ്റിയുടെ ദൈനം ദിന പ്രവർത്തനത്തിൽ നിന്ന് 5.56 കോടി രൂപ Cash Inflow ഉണ്ടായെങ്കിലും ബാധ്യത തിരിച്ചടക്കാൻ തന്നെ 5.55 കോടി രൂപ ചെലവഴിച്ച എന്ന് കാണാം. ആസ്തി നിർമാണത്തിന് 6.05 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നും കാണാം.എന്നാൽ

അത് സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ് ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. ചുരുക്കത്തിൽ ദൈനം ദിന പ്രവർത്തന Cashflowയിൽ നിന്നും തുക ബാധ്യത തിരിച്ചടക്കാനാണ് ഉപയോഗിച്ചിരിക്കുന്നത്. നഗരസഭ ദൈനം ദിന പ്രവർത്തനങ്ങൾ നടത്തുന്നതിനായി സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നുണ്ട് എന്ന് പത്രികയിൽ നിന്ന് വ്യക്തമാണ്.

**3. ആകെ വരുമാനത്തിന്റെ 13.66% തനത് വരുമാനം, ആകെ വരുമാനത്തിന്റെ 20.4% തനത് ചെലവ്, വ്യത്യാസം 6.74%**

3.1 നഗരസഭ വാർഷികകണക്കിനോടൊപ്പം സമർപ്പിച്ച Key Ratios ൽ നിന്നും സ്ഥാപനത്തിന്റെ ആകെ വരുമാനത്തിൽ 86.13% വും സർക്കാർ ഗ്രാന്റുകളാണെന്ന് കാണാം. നികുതി വരുമാനം 9.85% ഉം വാടക വരുമാനം 1.92%ഉം ഫീസിനത്തിലുള്ള വരവ് 1.89% ആണ്.ആകെ വരുമാനത്തിന്റെ 13.66% മാത്രമാണ് തനത് വരുമാനം.

ആകെ വരുമാനത്തിന്റെ 13.42 % ശമ്പള ചെലവുകൾക്കും, 1.27% ഭരണ ചെലവുകൾക്കും 5.71% മറ്റ് പ്രവർത്തന ചെലവുകൾക്കും ചെലവഴിക്കുന്നു. അതായത് ആകെ വരുമാനത്തിന്റെ 13.66% മാത്രം തനത് വരുമാനം ആയിരിക്കെ ആകെ വരുമാനത്തിന്റെ 20.4% തനത് വരുമാനത്തിൽ നിന്നുള്ള ചെലവുകൾക്ക് വിനിയോഗിക്കേണ്ടി വരുന്നു. 2020-21 ലെ മാത്രം വിടവ് 6.74% ആണ്.ഇത് ഓരോ വർഷവും വർദ്ധിക്കുന്നു..വിവിധ നിബന്ധനകളോടെ ലഭിക്കുന്ന സർക്കാർ ഗ്രാന്റ് തുകകൾ ഉപയോഗിച്ച് നഗരസഭയുടെ ദൈനം ദിന പ്രവർത്തനങ്ങൾ നടത്താനാവില്ല എന്നതിനാൽ സ്ഥാപനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു

**4. നഗരസഭയുടെ ചെറിയ കാലയളവിലെ ബാധ്യത തിരിച്ചടക്കാനുള്ള ശേഷി 67% മാത്രം**

4.1 നഗരസഭയുടെ Key Ratios ൽ നിന്നും സ്ഥാപനത്തിന്റെ Current Ratio 0.67 ആണെന്ന് കാണുന്നു. അതായത് ചെറിയകാലയളവിൽ തന്നെ അടവാക്കേണ്ട ബാധ്യത തുകയുടെ 67% ആസ്തികൾ മാത്രമെ ആ കാലയളവിൽ പണമാക്കി മാറ്റുന്നതിനായി നഗരസഭയ്ക്കുള്ളൂ എന്നാണ് കാണുന്നത്. നഗരസഭക്ക് കിട്ടാനുള്ള തുകകൾ ഉൾപ്പെടെയാണത്. നഗരസഭക്ക് കിട്ടാനുള്ള തുകകളുടെ കൃത്യത കണക്കാനുള്ള ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ ഇല്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് ഉൾപ്പെടെ കണക്കിലെടുത്താണ് ഇത് കണക്കാക്കിയിരിക്കുന്നത് .ഇതിന് പുറമെ കോടതി വിധി പ്രകാരം നല്കേണ്ട ലാന്റ് അക്വസിഷൻ കോംപൻസേഷൻ തുകയും അതിന്റെ പലിശയും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.ഇവ കൂടി കണക്കിലെടുത്താൽ ബാധ്യതകൾ തിരിച്ചടക്കാനുള്ള ശേഷി വീണ്ടും കുറയുന്നതായി കാണാം.(തുകകൾ 31/3/21 ലെ ബാലൻസ് ഷീറ്റ് പ്രകാരം)

| | |
|---|---|
| വിവിധ ഡെപ്പോസിറ്റ് തുകകൾ ബാധ്യതയായുള്ളത് | 16.04 കോടി |
| ശമ്പളം,ശമ്പള റിക്കവറികൾ, മറ്റ് റിക്കവറികൾ അടവാക്കാനുള്ളത് | 6.50കോടി |
| ആകെ ബാധ്യതകൾ | 22.54 കോടി |

| | | |
|---|---|---|
| നികുതി നികുതിയേതര തുകകൾ കിട്ടാനുള്ളത് | | 9.63 കോടി |
| ബാങ്ക് ക്യാഷ് നീക്കിയിരിപ്പ് | 57615587 | |
| കുറയ്ക്കുക -ആയതിൽ ഉൾപ്പെട്ട ബാധ്യതകൾ B-2 | 171296 | |
| B-4 | 28229240 | |
| | 29215051 | 2.92 കോടി |
| ആകെ | | 12.55 കോടി |

31/3/21 ലെ ബാലൻസ്ഷീറ്റ് പ്രകാരം 22.54 കോടി രൂപ ബാധ്യത ഉണ്ടായിരിക്കെ 2.92 കോടി രൂപ മാത്രം ക്യാഷ് ബാങ്ക് നീക്കിയിരിപ്പായി കാണുന്നു. കുടിശ്ശിക തുകകൾ പിരിച്ചെടുത്താൽ 12.55 കോടി രൂപ നീക്കിയിരിപ്പ് ഉണ്ടായിരിക്കെ 22.54 കോടി രൂപ ബാധ്യത ഉള്ളതായി കാണുന്നു. ഇതിൽ 10.73 കോടി രൂപ വാടക നിക്ഷേപം ആണ്. അത് ഉടനടി അടവാക്കേണ്ടി വരില്ല എന്ന് കണക്കാക്കിയാലും മറ്റ് ബാധ്യതകൾ തീർപ്പാക്കാനാവശ്യമായ നീക്കിയിരിപ്പ് തുക ബാങ്കിൽ ഇല്ല എന്ന് കാണാം.

31/3/21 ൽ ശമ്പളം ,റിക്കവറികൾ, മറ്റ് നിയമപരമായ റിക്കവറികൾ എന്നിവ അടവാക്കുന്നതിനാവശ്യമായ തുക 6.50കോടി ആയിരിക്കെ അത്രയും തുക നഗരസഭയിൽ നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല എന്ന് കാണാം. നിയമപരമായ റിക്കവറികൾ,നിയമപരമായ അടവാക്കലുകൾ എന്നിവ താത്കാലികമായി അടവാക്കാതെയാണ് മുനിസിപ്പാലിറ്റി ദൈനം

ദിന ചെലവുകൾ നടത്തുന്നതെന്ന് കാണുന്നു. മേൽ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തിയ ഓഡിറ്റ് എൻക്വയറി നമ്പർ 62 തീ 28/1/21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ പരിഗണനക്കും ഉചിതമായ തീരുമാനങ്ങൾക്കും ആയി മേൽ പ്രകാരമുള്ള നിരീക്ഷണങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു

## 1-28 ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് രേഖപ്പെടുത്തലുകൾ കൃത്യമല്ല-ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മ

2007 ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 5(3) പ്രകാരം എല്ലാ ദിവസവും കാഷ് ബുക്കിൽ കൃത്യമായ നീക്കിയിരിപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്യേണ്ടതാണ്. ചട്ടം 5(4) പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലും നീക്കിയിരിപ്പും പരിശോധിക്കേണ്ടതും കാഷ്ബുക്കിൽ ഒപ്പ് വെക്കേണ്ടതുമാണ്. കാഷ്യറുടെ കൈവശമുള്ള കാഷ്ബാലൻസും കാഷ്ബുക്കിൽ രേഖപ്പെടുത്തിയ ബാലൻസും ഓരോ ദിനാന്ത്യത്തിലും പരിശോധിച്ച് സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ കാഷ്ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന ദിവസങ്ങളിൽ കളക്ഷൻ തുകകൾ തൃശ്ശൂർ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചാലക്കുടി ബ്രാഞ്ച് തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കിയതായി കാണുന്നുണ്ടെങ്കിലും അതേ ദിവസങ്ങളിലെ കാഷ്ബുക്കിൽ ചെലവായോ ബാങ്ക് ബുക്കിൽ വരവായോ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ബാങ്കിൽ അടവാക്കിയ തുകയും കാഷ്ബുക്കിന്റെ ദിനാന്ത്യ നീക്കിയിരിപ്പിൽ ഉൾപ്പെടുവാനിടയായിട്ടുണ്ട്.

| തിയതി | കളക്ഷൻ തുക | ബാങ്കിൽ അടവാക്കിയ തിയതി | ക്യഷ് ബുക്ക്/ |
|---|---|---|---|
| 2/04/20 | 10160 | 2/04/20 | 20/04/20 |
| 4/04/20 | 9710 | 6/04/20 | 20/04/20 |
| 6/04/20 | 4155 | 6/04/20 | 20/04/20 |
| 13/04/20 | 36370 | 13/04/20 | 20/04/20 |
| 16/04/20 | 20125 | 16/04/20 | 20/04/20 |
| 18/04/20 | 16630 | 18/04/20 | 20/04/20 |
| 20/04/20 | 16068 | 21/04/20 | 22/04/20 |
| 22/04/20 | 11440 | 23/04/20 | 27/04/20 |
| 23/04/20 | 15044 | 24/04/20 | 27/04/20 |

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നമ്പർ 56/27.01.2022) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീ അടവാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് അടവാക്കാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ബ്ലൂ ക്രോസ്സ് ലാബ്,ചാലക്കുടി |
| 2 | പോളിക്ലിനിക്ക് |
| 3 | സെന്റ് ജോൺസ് മെഡിക്കൽ ലാബ് |
| 4 | ഏൾറിച്ച് ഡയഗനോസ്റ്റിക്ക് സെന്റർ |
| 5 | ആലങ്ങാടൻ ഡെന്റൽ ക്ലിനിക്ക് |
| 6 | പാലസ് ഹോസ്പിറ്റൽ |
| 7 | ദേവജ്യോതി ഹോമിയോ ക്ലിനിക്ക് |
| 8 | ആരോഗ്യ ക്ലിനിക്കൽ ലബോറട്ടറി |
| 9 | സെന്റ് ജോൺസ് മെഡിക്കൽ ലാബ് |
| 10 | സിസിഎംകെ വില്ലേജ് ഹോസ്പിറ്റൽ,ചാലക്കുടി |
| 11 | തൃത്വ നിരാമയ ആയുർവേദ ഹോസ്പിറ്റൽ |

| | |
|---|---|
| 12 | സെന്റ് മേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി |
| 13 | ഹോമിയോപതിക്ക് ക്ലിനിക്ക്,ചാലക്കുടി |
| 14 | ഡിഡിഎസ് മെഡിക്കൽ ലാബ് ആന്റ് ഇസിജി |
| 15 | ഡെന്റ് പ്ലസ് ഡെന്റൽ ക്ലിനിക്ക് |
| 16 | പറനിലം സ്പെഷ്യാലിറ്റി ഡെന്റൽ ക്ളിനിക്ക് |
| 17 | ലൈഫ് കെയർ ലബോറട്ടറി |
| 18 | ശാന്തി ഹോമിയോ കെയർ |
| 19 | നാനോടെക്ക് ഡയഗനോസ്റ്റിക്ക് സെന്റർ |
| 20 | മെഡികെയർ ഡയഗണോസ്റ്റിക്ക് സെന്റർ |
| 21 | ഹിയർകെയർ ഹിയറിങ്ങ് ആന്റ് സ്പീച്ച് തെറാപ്പി സെന്റർ |
| 22 | കരിം മെമ്മോറിയൽ ഹോസ്പിറ്റൽ |

രജിസ്ട്രേഷൻഫീ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ(53/27.01.2022)

## 1-30 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല

തൊഴിൽ നികുതി (ജീവനക്കാർ), തൊഴിൽനികുതി (ട്രേഡേഴ്സ്) ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. വർഷാന്ത്യത്തിൽ ഡിസിബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി വരവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-31 സെന്റ് ജയിംസ് ഹോസ്പിറ്റൽ- അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചത് ചട്ട പ്രകാരമല്ല.

എ) സെന്റ് ജയിംസ് ഹോസ്പിറ്റൽ -ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ഇല്ലാതെ അനധികൃത നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്തു നൽകി.

ഫയൽ നമ്പർ-ഇ2-107951/20

സെന്റ് ജയിംസ് ആശുപത്രി കെട്ടിട നിർമ്മാണം 3ാംനില മുതൽ 6ാം നില വരെയുള്ളത് റഗുലറൈസ് ചെയ്യുന്നതിന് 12.8.20 ന് അപേക്ഷ നൽകി. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ ഫയലിലെ അപ്പൻഡിക്സ് ഇ1 ഉള്ള ഉടമസ്ഥന്റെ കംപ്ളീഷൻ റിപ്പോർട്ട് പ്രകാരം നിർമ്മാണങ്ങൾ 19.1.15 ന് പൂർത്തീകരിച്ചതാണ്. എന്നാൽ പെർമ്മിറ്റ് നം/തീയതി കംപ്ലീഷൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല. റവന്യൂ വിഭാഗത്തിന്റെ നോട്ട് പ്രകാരം 14473.95 എം2 ന് നിലവിൽ നികുതി ഈടാക്കുന്നുണ്ട്. എന്നാൽ സമർപ്പിത പ്ലാൻ പ്രകാരം കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 19072.55 എം2 ആണ്.

7.9.20 ലെ ഓവർസിയറുടെ നോട്ടിൽ നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് KMBR 2019 ചട്ടം 30 പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മറ്റ് ന്യൂനതകൾ ഉൾപ്പെടെ കക്ഷിക്ക് ഇത് സംബന്ധിച്ച അറിയിപ്പ് 13.1.21 ൽ നൽകിയിട്ടുണ്ട്.

ന്യൂനത പരിഹാര റിപ്പോർട്ടിലെ അപാകതൾ പരിഹരിച്ചതായി ഉടമസ്ഥൻ അറിയിക്കുകയും റിവൈസ്ഡ് പ്ലാൻ സമർപ്പിക്കുകയും ചെയ്തു .എന്നാൽ ഈ പ്ലാൻ ജില്ലാ ടൗൺ പ്ലാനർക്ക് അയച്ചു കൊടുക്കുന്നതിന് ഓവർസിയർ നോട്ടെഴുതി എങ്കിലും അസി എക്സി.എൻജിനീയറുടെ 18.2.21 ലെ നോട്ടിൽ 27.5.15 ലെ 9701/RB2/15 LSGD വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ കത്തിലെ നിർദ്ദേശ പ്രകാരം സ്ഥാപനത്തിന്റെ 3 മുതൽ 6 നില വരെയുള്ള നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ ഉത്തരവായി. ആയതിനു താഴെ നഗരസഭാ സെക്രട്ടറിയുടെ കുറിപ്പിൽ ബഹു.ജോയിന്റ് സെക്രട്ടറിയുടെ നിർദ്ദേശത്തിന്റേയും അസി എക്സി.എൻജിനീയറുടെ ശുപാർശയുടേയും അടിസ്ഥാനത്തിലും KMBR ന് വിധേയമായി റഗുലറൈസ് ചെയ്യുക എന്ന് ഉത്തരവായി. ഇവയുടെ അടിസ്ഥാനത്തിൽ രസീത് നമ്പർ 000239/18.3.21 പ്രകാരം റഗുലറൈസേഷൻ ഫീ സ്ഥാപനം അടവാക്കുകയും (11954.29 എം2 ന് 360000രൂപ)ഇ2 1-07951/20/18.3.21 ൽ ഒക്യുപൻസി നൽകുകയും ചെയ്തു.

മേൽ ഏരിയയുടെ വസ്തു നികുതി നിർണ്ണയിച്ച് ഫോറം നമ്പർ 6 ൽ 2.8.21 ൽ സെക്രട്ടറി ഒപ്പു വച്ചിട്ടുണ്ട്.

**അപാകതകൾ**

1.) റവന്യൂ വിഭാഗത്തിന്റെ നോട്ട് പ്രകാരം 14473.95 എം2 ന് നികുതി നിലവിൽ ഈടാക്കുന്നുണ്ട്. എന്നാൽ പ്ലാനിൽ ആകെ 19072.55എം2 ഏരിയയാണ് കാണിച്ചിരിക്കുന്നത്..മേൽ വിവരങ്ങൾ പ്രകാരം റഗുലറൈസ് ചെയ്യേണ്ട ഏരിയ( 19072.55 – 14473.95) 4598.60 എം2 ആണ്. എന്നാൽ പ്ലാനിൽ നമ്പർ ഉള്ള കെട്ടിടങ്ങളുടെ വിസ്തൃതി 18546.97 എം2 ന് എന്നാണ് കാണിച്ചിരിക്കുന്നത് എന്നാൽ ഓവർസിയറുടെ നോട്ട് പ്രകാരം നിലവിലെ ഏരിയ 9494.20 ഉം റഗുലറൈസ് ചെയ്യേണ്ട ഏരിയ 11954.29 എം2 ഉം ആണ്. (ആകെ 21448.49എം2) സമർപ്പിത പ്ലാനിൽ നിന്ന് വിരുദ്ധമായാണ് ഓവർസിയറുടെ നോട്ടിൽ ഏരിയ രേഖപ്പെടുത്തി കാണുന്നത്. ഓവർസിയറുടെ നോട്ട് പ്രകാരം 11954.29 എം2 ഏരിയ റഗുലറൈസ് ചെയ്ത് നൽകുകയും ചെയ്തു. എന്നാൽ സമർപ്പിത പ്ലാൻ കൃത്യമാക്കുന്നതിന് കക്ഷിക്ക് അറിയിപ്പ് നല്കിയിട്ടില്ല. കൃത്യമായ പ്ലാനിന്റെ അഭാവത്തിൽ നിർമ്മാണം റഗുലറൈസ് ചെയ്ത് നല്കിയതിലെ അപാകത ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ 2/18.1.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

2.) 27.5.15 ലെ 9701/RB2/15 LSGD വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ കത്തിൽ KBR 1984 പ്രകാരം പെർമ്മിറ്റ് എടുത്ത് പണി പൂർത്തിയാക്കിയ 3 മുതൽ 6 നിലകൾ വരെയുള്ള അഡീഷണൽ കൺസ്ട്രക്ഷൻ സ്ഥാപനം നഗരസഭയെ അറിയിച്ചിട്ടുള്ളതാണെന്നും എന്നാൽ ഫയർ എൻഒസി വാങ്ങിയിട്ടില്ല എന്ന കാരണത്താൽ സ്ഥാപനത്തിന് നമ്പർ നൽകാത്തത് Procedural Lapse ആയതിനാൽ ജി ഒ (എംഎസ് )39/14/1.4.2015 ലെ പ്രൊവിഷൻ പ്രകാരം റഗുലറൈസ് ചെയ്തു നൽകുക എന്ന് നിർദ്ദേശിച്ചു. എന്നാൽ 27.5.15 ലെ നിർദ്ദേശം ലഭിച്ചിട്ടും സ്ഥാപനം റഗുലറൈസേഷന് അപേക്ഷ സമർപ്പിച്ചത് 12.8.2020ലാണ്. കാലതാമസത്തിന് കാരണം വ്യക്തമല്ല. 3മുതൽ 6 നില വരെയുള്ള അഡീഷണൽ കൺസ്ട്രക്ഷൻസ് കൂടാതെ ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ,സെക്കന്റ് ഫ്ലോർ എന്നിവയിലും അധിക നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതായി ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പെർമ്മിറ്റ് ലഭ്യമല്ലാത്തതിനാൽ 3 മുതൽ 6 നില വരെയുള്ള അഡീഷണൽ കൺസ്ട്രക്ഷൻസ് പെർമ്മിറ്റ് പ്രകാരമാണോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിൽ മറ്റ് നിർമ്മാണങ്ങൾ കൂടി നടത്തിയതിനാൽ KMBR 2019 ന് വിധേയമായാണ് കെട്ടിടം റഗുലറൈസ് ചെയ്യേണ്ടത്. ആയതിലെ ചട്ടം 30പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ആവശ്യമാണ്.

3. റവന്യൂ വിഭാഗത്തിന്റ നോട്ട് പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങൾക്കാണ് നിലവിൽ നികുതി ഈടാക്കുന്നത്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഏരിയ |
|---|---|---|
| 1 | 10/48 | 9494.2 |
| 2 | 10/54 | 837.2 |
| 3 | 10/55 | 948.83 |
| 4 | 10/56 | 2163.27 |
| 5 | 10/57 | 232.55 |
| 6 | 10/58 | 213.95 |
| 7 | 10/58A | 185 |
| 8 | 10/59 | 185 |
| 9 | 10/59A | 213.95 |
| | ആകെ | 14473.95 എം2 |

സമർപ്പിത പ്ലാനിൽ താഴെ പറയും പ്രകാരം നമ്പറുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഏരിയ |
|---|---|---|
| 1 | 10/48 | 9494.2 |
| 2 | 10/54 | 837.2 |
| 3 | 10/55 | 948.83 |
| 4 | 10/56 | 2163.27 |
| 5 | 10/58 | 1221.9 |
| 6 | 10/58A | |
| 7 | 10/59,59A | |
| 8 | 10/49 | 292.92 |
| 9 | 10/50 | 251.16 |
| 10 | 10/51 | 279 |
| 11 | 10/47 | 1022.62 |

| | | |
|---|---|---|
| 12 | 10/60 | 641.85 |
| 13 | 10/62 | 92 |
| 14 | 10/62A | 232.55 |
| 15 | 10/53 | 251.16 |
| 16 | 10/79 | 151 |
| 17 | 10/68A | 184.16 |
| 18 | 10/98 | 70.12 |
| 19 | 10/98A | 170.80 |
| 20 | 10/46 | 186.34 |
| 21 | 10/45 | 55.81 |
| | ആകെ | 18546.97എം2 |

റവന്യൂ സെക്ഷനിൽ ലഭ്യമായ നമ്പറുകളിൽ നിന്ന് വ്യത്യസ്തമായി 14 നമ്പറുകൾ കൂടി പ്ളാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്.വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയിലെ മേൽ അപാകതക്ക് (നമ്പർ 20/22.1.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

4.) മേൽ സൂചിത അപാകതകളിൽ നിന്നും സമർപ്പിത പ്ലാനിനേക്കാൾ അധികമായി നിർമ്മാണം നടത്തിയെന്നത് വ്യക്തമാണ്. കൃത്യമായ പ്ലാനിന്റെ അഭാവത്തിലും ജില്ലാ ടൗൺ പ്ലാനറുടെ അനുമതി വാങ്ങാതെയും നിർമ്മാണം റഗുലറൈസ് ചെയ്ത് നൽകിയതും, ഒക്യുപൻസി നൽകിയതും പുന പരിശോധിക്കേണ്ടതാണ്.

<u>ബി)സെന്റ് ജയിംസ് ഹോസ്പിറ്റൽ – റഗുലറൈസ് ചെയ്ത ഏരിയക്ക് അനധികൃത നിർമ്മാണത്തിനുള്ള നമ്പർ നല്കി.</u>

ഫയൽ നമ്പർ – ഇ2/ഇ3-107790/20

ഫയൽ നമ്പർ -ആർ2-260/21

മേൽ ഫയലുകൾ പരിശോധിച്ചതിൽ സെന്റ് ജയിംസ് ഹോസ്പിറ്റലിന്റെ അനധികൃത നിർമ്മാണം സംബന്ധിച്ച പരാതിക്ക് മറുപടിയായി സെന്റ് ജയിംസ് ഹോസ്പിറ്റലിൽ അസസ്മെന്റ് രജിസ്റ്ററിനേക്കാൾ 5019.60എം2 ഉം പണി പൂർത്തിയാക്കിയ 3-6 നില വരെയുള്ള 7512.83എം2 വിസ്തൃതിക്കും പെർമിറ്റ് ഇല്ലാത്തതിനാലും പ്രസ്തുത നിർമ്മാണപ്രവൃത്തികൾക്ക് KMBR 2019 റൂൾ 5(4) (10) പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ ഒ സി, റൂൾ 5(4) (12) പ്രകാരം ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ എൻ ഒ സി, റൂൾ 30 പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ അനുമതി എന്നിവ ഇല്ലാത്തതിനാൽ കെട്ടിട നിർമ്മാണം അനധികൃതമായി കണക്കാക്കി മേൽ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ആർ2-260/21 ഫയൽ പ്രകാരം 10/UA 45 A , 10/UA 45 B ആയി യഥാക്രമം 7512.83 എം2,5019.6 എം2 ,ആകെ 12532.43എം2 ഏരിയക്ക് 27.1.21 ൽ അനധികൃത നമ്പർ നൽകി.എന്നാൽ തുടർന്ന് ഫയൽ നമ്പർ-ഇ2-107951/20 ലെ നടപടി പ്രകാരം രസീത് നമ്പർ 000239/18.3.21 ആയി റഗുലറൈസേഷൻ ഫീ ഈടാക്കി 18.3.21 ൽ 11954.29 എം2 ഏരിയക്ക് ഒക്യുപൻസി നൽകുകയും ചെയ്തു. ഫയൽ നമ്പർ ഇ2-107951/20 ആയി റഗുലറൈസേഷനായി അപേക്ഷ സമർപ്പിച്ച ഫയലിൽ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കെയാണ് ഇ2/ഇ3-107790/20, ആർ2-260/21 ഫയലുകളിലായി അനധികൃ നിർമ്മാണം സംബന്ധിച്ച പരാതിയിൽ നടപടി സ്വീകരിച്ചത്.

മേൽ ഫയലുകളിലെ വൈരുദ്ധ്യം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു മറുപടിയായി (20/22.1.22) നിലവിൽ നമ്പറുകളുള്ള കെട്ടിടങ്ങളിന്മേൽ നടത്തിയ 3390.24എം2 ഏരിയയാണ് അനധികൃതം എന്ന് മറുപടി നല്കി. മേൽ ഫയലുകളിൽ നടത്തിയ നടപടികളെ സാധൂകരിക്കുന്നതല്ല മറിച്ച് ആയതിന് വിരുദ്ധമാണ് എൻക്വയറിക്ക് നൽകിയ മറുപടി എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

**<u>ഓഡിറ്റ് ശുപാർശ</u>**

1. റഗുലറൈസേഷന് അപേക്ഷ നൽകിയ ഫയലിൽ നടപടി സ്വകരിച്ചു കൊണ്ടിരിക്കെ പരാതി ഫയലിലെ നടപടിയായി അനധികൃത നമ്പർ നൽകുകയും തുടർന്ന് റഗലറൈസ്ഡ് നമ്പർ നൽകകയും ചെയ്തത് നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മയെയാണ് കാണിക്കുന്നത്.ഫയലുകൾ സൂക്ഷ്മതയോടും കൃത്യതയോടും കൂടി കൈകാര്യം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. സെന്റ് ജയിംസ് ഹോസ്പിറ്റലിലെ കെട്ടിടങ്ങളുടെ (ക്രമവൽക്കരിച്ചത്, ക്രമവൽക്കരിക്കാനുള്ളത്) ഏരിയ സംബന്ധിച്ച് നഗരസഭയിൽ കൃത്യമായ കണക്ക് ഇല്ലാത്തതിനാൽ കൃത്യമായ പ്ലാൻ ഹാജരാക്കുന്നതിന് കക്ഷിക്ക് അറിയിപ്പ് നല്കേണ്ടതും സൈറ്റ് പരിശോധന നടത്തി പ്ലാനിന്റെ ആധികാരികത ഉറപ്പു വരുത്തി KMBR 2019 പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ് .

## 1-32 എൻ എസ് എസ് കരയോഗം കോംപ്ളക്സ് -പെർമ്മിറ്റില്ലാതെ നിർമ്മാണം നടത്തി.

ഫയൽ നമ്പർ - ഫയൽ നമ്പർ-ഇ2-7668/20/18.5.20

എൻ എസ് എസ് കരയോഗം കോംപ്ലക്സ് നിർമ്മാണത്തിനായി അപേക്ഷ സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ ഒന്നിലധികം നിർമ്മാണങ്ങൾ പ്രസ്തുത പ്ലോട്ടിൽ കാണുന്നുണ്ടെന്നും കൂടാതെ ആർഡിഒ അനുമതി പ്രകാരം കരയോഗ മന്ദിരം നിർമ്മാണത്തിന് സർവ്വെ 44/3 ൽ ഉൾപ്പെട്ട 41.5 സെന്റ് സ്ഥലത്താണ് കെട്ടിട നിർമ്മാണത്തിന് അനുമതി നല്കിയിട്ടുള്ളത്. എന്നാൽ നിലവിലെ സമർപ്പിത പ്ലാനിൽ സ്ഥലത്തിന്റെ വിസ്തൃതി 102.98 സെന്റ് കാണിച്ചിരിക്കുന്നതിനാൽ ആർഡിഒ അനുമതി ലഭിച്ച 41.5 സെന്റ് സ്ഥലത്ത് മാത്രമേ കെട്ടിട നിർമ്മാണം നടത്തുന്നുള്ളു എന്ന് ഉറപ്പ് വരുത്തുന്നതിന് സർവ്വെ സ്കെച്ചും ഹാജരാക്കുവൻ ആവശ്യപ്പെട്ട് ഇ2-7668/20/3.8.20 കത്ത് പ്രകാരം കക്ഷിക്ക് അറിയിപ്പ് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ കക്ഷി മറുപടി ലഭ്യമാക്കിയിട്ടില്ല. ഒന്നിലധികം നിർമ്മാണങ്ങൾ കാണുന്നതായി ഓവർസിയർ റിപ്പോർട്ട് ചെയ്തതിനാൽ നിലവിലെ സ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/21.1.22) നൽകിയ മറുപടിയിൽ കെട്ടിടത്തിന്റെ സ്ടക്ചർ പൂർത്തീകരിച്ചിട്ടുണ്ടെന്നും അനുമതി വാങ്ങാതെ നിർമ്മാണം നടത്തിയതിനാൽ അനധികൃത നിർമ്മാണത്തിനെതിരെ നടപടി എടുക്കും എന്നറിയിച്ച് കക്ഷിക്ക് അറിയിപ്പ് നൽകിയതായും അറിയിച്ചു. അനധികൃത നിർമ്മാണം റഗുലറൈസ് ചെയ്യാത്ത പക്ഷം കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 402 പ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 വസ്തുനികുതി പിരിവ് കൃത്യമാക്കുന്നതിനും സഞ്ചയ ഡാറ്റാ എൻട്രി പൂർത്തീകരിക്കുന്നതിനും നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

നഗരസഭയിൽ 1.04.2013 മുതൽ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിയെങ്കിലും സഞ്ചയയിലെ ഡാറ്റാ എൻട്രി 25% മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക്(43/25.01.2022)മറുപടി നൽകിയിട്ടുണ്ട്. 1.04.2013 ന് നികുതി പരിഷ്കരണം ആരംഭിച്ച സമയത്ത് ഗാർഹിക കെട്ടിടങ്ങൾക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി 8,10,14 എന്നീ മൂന്ന് നിരക്കുകളിലാണ് നികുതി നിർണ്ണയിച്ചിരുന്നത്. സഞ്ചയയിൽ ഡാറ്റാ എൻട്രി തുടങ്ങിയ സമയത്ത് ഡാറ്റാ എൻട്രി നടത്താൻ കഴിയാതെ വരികയും തുടർന്ന് 2018-19 മുതൽ സർക്കാർ ഉത്തരവിനു വിധേയമായി ഏകീകരിച്ച നിരക്കായ 10 രൂപയിലേയ്ക്ക് നികുതി നിശ്ചയിച്ചു. ഓൺലൈൻ നികുതി പിരിവിലേയ്ക്ക് ഡാറ്റാ എൻട്രി നടത്തുമ്പോൾ നികുതിയിൽ മുൻ വർഷങ്ങളിൽ കുറവും കൂടുതലും ഈടാക്കിയിരുന്നത് അഡ്ജസ്റ്റ് ചേയ്യേണ്ട സാഹചര്യത്തിൽ ഡാറ്റാ എൻട്രിയിൽ ബുദ്ധിമുട്ട് ഉണ്ടാകുന്നതായും ജീവനക്കാരുടെ ദൗർലഭ്യവും ഡാറ്റാ എൻട്രി പൂർത്തീകരണത്തിന് തടസ്സമായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

മാനവലായി തയ്യാറാക്കിയ അസസ്സ്മെന്റ് രജിസ്റ്റർ മാത്രമേ നഗരസഭയിൽ സൂക്ഷിച്ച് വരുന്നുള്ളൂ. ഡിമാന്റ് രജിസ്റ്റർ,കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഓരോ വർഷത്തേയും ഡിമാന്റ്,ബാലൻസ് എന്നിവ കണക്കാക്കുന്നത് കൃത്യമാണോ എന്ന് പരിശോധിക്കാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. നഗരസഭയിലെ അസസ്സ്മെന്റിൽ പലതും കാലഹരണപ്പെട്ടതും അവ്യക്തമായി തുടരുകയാണ് (പാരാ 35 കാണുക) ഈ വിഷയം മുൻ റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന നഗരസഭയെ സംബന്ധിച്ച് പ്രധാന വരുമാന മാർഗ്ഗമായ വസ്തുനികുതി പിരിവിലെ കൃത്യതയില്ലായ്മയും ഓൺലൈൻ സംവിധാനത്തിലെ അവധാനതയും നീതീകരിക്കാവുന്നതല്ല. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഡാറ്റാ എൻട്രി കാര്യക്ഷമമായി നടപ്പിലാക്കി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-34 വസ്തുനികുതി- രേഖകൾ ഹാജരാക്കിയില്ല

1) താഴെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളുടെ 20-21 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ചതിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| കെട്ടിട നമ്പർ | ഫയൽ നമ്പർ |
|---|---|
| XXI/13 A,B | E3/TBA/350926/2019 |
| XXI/1217A,B, XXI/1221,1221A | |
| II/597 D,D1 | |
| XX/1135,1135A | R2/2956/2020 |
| XIX/22 | E3/82/2020 |
| XX/597,597 A | |
| XXXI/367 L,M | E3/TBA/119029/2019 |
| XXXI/301 A,A1 | BA 589/08-09 |
| XXXI/304 A,B,C,D,E,F,G | E3/TBA/195571/2019 |

| | |
|---|---|
| XXXI/58A,B,C,D,E,F,G | E3/TBA/313136/2019, E3/TBA/128368/2019 |
| VI/33 A,B | E2/TBA/4106/2015 |
| XXIV/163 A | E3/TBA-82081/2017 |
| | E3/TBA-91160/2017 |

2) 2020-21 സാമ്പത്തിക വർഷത്തിൽ വിമുക്ത ഭടന്മാരുടെ 2000 ച.അടി വരെയുള്ള ഭവനങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകിയത് പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട രജിസ്റ്റർ,അപേക്ഷകൾ ഉൾപ്പെടുന്ന ഫയൽ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു എങ്കിലും ആയത് ലഭ്യമാക്കിയില്ല. ടി സാഹചര്യത്തിൽ കേരള മുൻസിപ്പാലിറ്റി ചട്ടങ്ങൾ, ചട്ടം12 (1),(2) എന്നിവ പ്രകാരം ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വസ്തുനികുതി ഒഴിവാക്കി നൽകിയതിന്റെ സാധുത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. (എൻക്വയറി നമ്പർ 60/28.01.2022)

## 1-35 അനധികൃത കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നു

നഗരസഭയുടെ വാർഡ് XX – 965, 965A, 965B, 966, 967 എന്നീ കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണം ഉള്ളതിനാൽ UA നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. ടി കെട്ടിടത്തിൽ നവരത്ന ഹൈപ്പർ മാർക്കറ്റ് അനധികൃതമായി പ്രവർത്തിച്ചു വരുന്നു. 2019-2020 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചതിന്മേൽ 20/05/2019 തിയതിയിലെ നഗരസഭ കൗൺസിലിന്റെ 3-ാം നമ്പർ തീരുമാന പ്രകാരം ലൈസൻസ് പുതുക്കി നൽകുന്നതിന് തീരുമാനമെടുത്തിരുന്നു എങ്കിലും ടി തീരുമാനത്തിന്മേൽ സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയിരുന്നു. ടി വിഷയം സംബന്ധിച്ച് 8.10.2020 ൽ അജണ്ട സമർപ്പിക്കുകയും 3.11.2020 തിയതിയിലെ 1-ാം നമ്പർ പ്രകാരം സെക്രട്ടറിയുടെ വിയോജനക്കുറിപ്പോടെ ലൈസൻസ് നൽകാനുള്ള തീരുമാനം പുന:പരിശോധിക്കേണ്ടതില്ല എന്നും കൗൺസിൽ തീരുമാനമെടുത്തിരുന്നു. എന്നാൽ 19-20,20-21 സാമ്പത്തിക വർഷങ്ങളിൽ ലൈസൻസ് പുതുക്കി നൽകിയിട്ടില്ലായെന്നും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 34/22.01.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല

R2-122879/19 നമ്പർ ഫയൽ പ്രകാരം 21/977 നമ്പർ വാണിജ്യ കെട്ടിടത്തിന് സ്പ്ലിറ്റ് നമ്പർ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ റവന്യൂ വിഭാഗം പരിശോധന നടത്തിയതിൽ അനധികൃത നിർമ്മാണം ഉണ്ടെന്നും ആയതു സംബന്ധിച്ച് എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുന്നതിനും കുറിപ്പ് എഴുതിയിട്ടുണ്ട്. എന്നാൽ ഫയലിൽ എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിന്നും പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമല്ല. ടി കെട്ടിടത്തിന് R2-1111947 നമ്പർ ഫയൽ പ്രകാരം വസ്തു നികുതി റിവൈസ് ചെയ്യുകയും സ്പ്ലിറ്റ് നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്(XXI/977-107.89m2, XXI/977A-60.39m2, XXI/977B-42.6m2).XXI/977 നമ്പർ ക്യാൻസൽ ചെയ്തിട്ടുണ്ട്. അപേക്ഷ സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള തറവിസ്തീർണ്ണം 37m2 എന്നാണ്. എന്നാൽ സൈറ്റ് പരിശോധിച്ചതിൻ പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 2100 ച.അടി ആണ്. കെട്ടിടം ക്രമവൽക്കരിച്ചതു സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിൽ ഇല്ല. വസ്തുനികുതി റിവൈസ് ചെയ്യുന്നതിനു മുമ്പ് അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വാങ്ങിയിരുന്ന നികുതി വിവരവും ഫയലിൽ ലഭ്യമല്ല. രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു(ഓഡിറ്റ് എൻക്വയറി നമ്പർ 54/27.01.2022) എങ്കിലും ആയത് ലഭ്യമാക്കിയില്ല.

## 1-37 നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിച്ചു.

കേരള മുൻസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 242(5), കേരള മുൻസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ,ചട്ടം 20(3) എന്നിവ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടം കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായത്തിനായോ മറ്റു ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുൻസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതാണ്. എന്നാൽ UA രജിസ്റ്റർ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളായി ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള XXXI/265/UA ,XX/308E/UA എന്നീ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന യഥാക്രമം AIBEL OIL STORES (ഫയൽ നം H2/2644/2020), SEN CYCLES (ഫയൽ നം. H2/1739/2021) എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് മുൻസിപ്പാലിറ്റി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. മേൽ അപാകത സംഭവിച്ചത് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.64/28.01.2022) മറുപടി ലഭ്യമാക്കിയില്ല. ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-38 അനധികൃത കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

നഗരസഭയുടെ വാർഡ് 31ലുള്ള കെ പി ജോണി&സെലിൻ ജോണി എന്നിവരുടെ കൂട്ടായ ഉടമസ്ഥതയിലുള്ള 1686.58m2

തറവിസ്തീർണ്ണമുള്ള അനധികൃത വാണിജ്യ കെട്ടിടത്തിന് 367(1)മുതൽ 367(9) വരെ UA നമ്പർ നൽകി 29.07.2019 തിയതി പ്രാബല്യത്തിൽ വസ്തു നികുതി നിർണ്ണയിച്ച് നൽകിയിരുന്നു. നഗരസഭ വിജ്ഞാപനം ചെയ്തിട്ടുള്ള 200 M2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഷോപ്പിങ്ങ് മാളുകൾക്ക് ബാധകമായ 140 രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചത്,എന്നാൽ കെട്ടിട ഉടമയുടെ പരാതിയെ തുടർന്ന് 6.07.2021തിയതിയിലെ 2ാം നമ്പർ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി തീരുമാന പ്രകാരം 90 രൂപ നിരക്കിൽ വസ്തു നികുതി പുനർ നിർണ്ണയിച്ച് നൽകി. കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 242(1) പ്രകാരം അനധികൃതമായി നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് പ്രത്യേകം നമ്പർ നൽകേണ്ടതും കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും)ചട്ടങ്ങൾ ചട്ടം 2,3 എന്നിവ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകുന്നത് വസ്തുനികുതി നിർണ്ണയിക്കുന്നതിനു വേണ്ടി മാത്രം ഉദ്ദേശിച്ചിട്ടുള്ളതും കച്ചവടത്തിനായോ,വ്യാപാരത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുൻസിപ്പാലിറ്റി ലൈസൻസോ മറ്റു അനുമതിയോ നൽകാൻ പാടില്ലാത്തതുമാണ്. ഈ സാഹചര്യത്തിൽ ടി കെട്ടിടത്തിന് 90 രൂപ നിരക്കിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് നൽകാൻ പാടില്ലാത്തതും ഒരു കെട്ടിട നമ്പർ മാത്രം നൽകേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നമ്പർ 7/19.01.2021) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. വസ്തു നികുതി പുനർ നിർണ്ണയിച്ച തീരുമാനം പുന പരിശോധിക്കേണ്ടതും നിയമവും ചട്ടവും പാലിക്കേണ്ടതുമാണ്.

## <u>1-39 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

13.04.21 തിയതിയിലെ ഡിമാന്റ് നോട്ടീസ് നമ്പർ R2-3428/14 പ്രകാരം നഗരസഭയുടെ പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | വസ്തു നികുതി | കുടിശ്ശിക കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|
| 1 | XXV/192(5) UA | 8700 | 2008-09 മുതൽ 2020-21 വരെ | 113100 | 5655 | 118755+PI |
| 2 | UA/XXV/837B | 8700 | ,, | 113100 | 5655 | 118755+PI |
| 3 | XXV/832/UA | 8700 | 2009-10 മുതൽ 20-21 വരെ | 104400 | 5220 | 109620+PI |
| 4 | XXII/394A | 21600 | 12-13 മുതൽ 20-21 വരെ | 194400 | 9720 | 204120+PI |
| 5 | XIII/380A/UA | 18910 | 2008-09 മുതൽ 20-21 വരെ | 245830 | 12292 | 238266+PI |
| 6 | XXIV/35A1/UA | 21150 | ,, | 274950 | 13748 | 288698+PI |
| 7 | XXV/180A | 26460 | ,, | 343980 | 17199 | 361179+PI |
| 8 | XXIV/354C UA | 24012 | ,, | 312156 | 15608 | 327764+PI |
| 9 | I/44P1 | 10275 | 12-13 മുതൽ 20-21 വരെ | 92475 | 4624 | 97099+PI |
| 10 | XVIII/126 I | 21150 | 2011-12 മുതൽ 20-21 വരെ | 211500 | 10575 | 222075+PI |
| 11 | XV/468 C1 | 26100 | ,, | 234900 | 11745 | 246645+PI |
| 12 | UA/X/430A | 37500 | 2017-18 മുതൽ | 150000 | 7500 | 157500+PI |

| | | | | | | |
|---|---|---|---|---|---|---|
| | | | 2020-21 വരെ | | | |
| 13 | XIV/5B1 | 6765 | ,, | 27060 | 1353 | 28413+PI |
| 14 | UA/XXV/154 A | 8700 | 2008-09 മുതൽ 2020-21 വരെ | 84800 | 1740 | 36540+PI |
| 15 | UA/XXVII/258 B | 50955 | 2011-12 മുതൽ 2020-21 വരെ | 509550 | 25478 | 535028+PI |
| 16 | XV/468 C1 | 26100 | 2011-12 മുതൽ 20-21 വരെ | 261000 | 13050 | 274050+PI |
| 17 | UA/XI/422A(1) | 26460 | 2010-11 മുതൽ 2020-21 വരെ | 264600 | 13230 | 277830+PI |
| 18 | I/205B | 7275 | 2017-18 മുതൽ 2020-21 വരെ | 29100 | 1455 | 30555+PI |
| 19 | UA/II/49F | 13212 | ,, | 52848 | 2643 | 55491+PI |
| 20 | UA/III/44A1 | 26460 | ,, | 105840 | 5292 | 111132+PI |
| 21 | UA/IX/471 Q1 | 54570 | 2017-18 മുതൽ 2020-21 വരെ | 218280 | 10914 | 229194+PI |
| 22 | UA/XXIV/157D1 | 38970 | 2011-12 മുതൽ 2020-21 വരെ | 389700 | 19485 | 409185+PI |
| 23 | UA/X/337A | 26460 | 2015-16 മുതൽ 2020-21 വരെ | 145530 | 7277 | 152807 |
| 24 | UA/XXV/119A | 5412 | 20-21 | 2706 | 135 | 2841 |

വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുള്ള വാണിജ്യ കെട്ടിടങ്ങൾ,മൊബൈൽ ടവറുകൾ എന്നിവയുടെ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നമ്പർ 43/25.01.22 ) മൊബൈൽ ടവറുകളുടെ കുടിശ്ശിക വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. നഗരസഭയെ സംബന്ധിച്ച് പ്രധാന വരുമാന മാർഗ്ഗമായ വസ്തുനികുതിയിൽ ഭീമമായ കുടിശ്ശിക വരുത്തിയിട്ടുള്ള മൊബൈൽ ടവറുകളിൽ നിന്നും കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 മുൻസിപ്പാലിറ്റിയുടെ മാർക്കറ്റ് ബിൽഡിങ്ങിലെ സ്റ്റാളുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന

വാടക രജിസ്റ്ററും ഫയൽ നമ്പർ R4-12753/19 പരിശോധിച്ചതു പ്രകാരവും നഗരസഭയുടെ ഉടമസ്ഥതയിലുള്ള മാർക്കറ്റ് ബിൽഡിങ്ങിലെ താഴെ ചേർത്തിരിക്കുന്ന കടമുറികളാണ് ഒഴിഞ്ഞ് കിടക്കുന്നത്.

| കെട്ടിടം | സ്റ്റാൾ /റൂം നമ്പർ |
|---|---|
| | |

| | |
|---|---|
| മാർക്കറ്റ് | FS-38 |
| ,, | FS-40 |
| ,, | FS-14 |
| ,, | FS-13 |
| ,, | XIX/219(1) |
| ,, | XIX/219(2) |
| ,, | XIX/219(3) |
| ,, | XIX/219(4) |
| ,, | XIX/219(5) |
| ,, | XIX/219(6) |
| ,, | A(28) |
| ,, | JB ഹാൾ No.4SF |

വാടകയ്ക്ക നൽകിയിരിക്കുന്ന മറ്റു കടമുറികൾക്ക് ലൈസൻസ് നൽകിയതിന്റെ രേഖകൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 64/28.01.2022) XIX/FS 28, XIX/ NS 8 എന്നീ 2 മുറികളിലെ സ്ഥാപനങ്ങൾക്ക മാത്രമാണ് 20-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയിട്ടുള്ളത് എന്നും മറ്റു മുറികളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വാടകയ്ക്ക കൊടുത്തിരിക്കുന്ന കടമുറികളിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
ചാണ്

## <u>1-41 നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടമുറികൾ ഒഴിഞ്ഞു കിടക്കുന്നതു സംബന്ധിച്ച്</u>

നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള ഒഴിഞ്ഞു കിടക്കുന്ന താഴെപ്പറയുന്ന കെട്ടിടമുറികൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഫയൽ നമ്പർ R4-12753/19)

| കെട്ടിടം | സ്റ്റാൾ /റൂം നമ്പർ |
|---|---|
| ടൗൺഹാൾ ഷോപ്പിംഗ് കോംപ്ലക്സ് | TH/SF-64 |
| മാർക്കറ്റ് | FS-38 |
| ,, | FS-40 |
| ,, | FS-14 |
| ,, | FS-13 |
| ,, | XIX/219(1) |
| ,, | XIX/219(2) |
| ,, | XIX/219(3) |
| ,, | XIX/219(4) |
| ,, | XIX/219(5) |
| ,, | XIX/219(6) |
| ,, | A(28) |
| ജൂബിലി ബിൽഡിംഗ് | JB ഹാൾ No.1A |
| ,, | JB ഹാൾ No.3SF |
| ,, | JB ഹാൾ No.4SF |
| പോട്ട മിനി മാർക്കറ്റ് | II/504(1) |
| ,, | II/504(2) |
| ,, | II/504(3) |
| ,, | II/504(4) |
| ,, | II/504(5) |
| ,, | II/504(6) |

| | |
|---|---|
| ,, | II/504(10) |
| ,, | II/504(11) |
| ,, | II/504(12) |
| ,, | II/504(13) |
| ,, | II/504(14) |
| ,, | II/504(16) |
| ,, | II/504(17) |
| സൗത്ത് ബസ് സ്റ്റാന്റ് | XX/959 |
| ,, | XX/659(N) |
| പഴയ ബസ് സ്റ്റാന്റ് | S-16 |

## 1-42 മുനിസിപ്പൽ വസ്തുക്കളുടെ വസ്തു വിവരപ്പട്ടിക സംബന്ധിച്ച്

കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 211 പ്രകാരം മുനിസിപ്പാലിറ്റിക്ക് സ്വന്തമായുള്ളതോ അല്ലെങ്കിൽ മുനിസിപ്പാലിറ്റിക്ക് റിവർഷണറി അധികാരം ഉള്ളതോ ആയ എല്ലാ സ്ഥാവര വസ്തുക്കളുടേയും ഒരു വസ്തുവിവരപ്പട്ടിക സെക്രട്ടറി സൂക്ഷിക്കേണ്ടതും ഈ പട്ടികയുടെ ഒരു പകർപ്പ് സർക്കാരിനെ ഏൽപ്പിക്കേണ്ടതും എല്ലാ മാറ്റങ്ങളും സർക്കാരിനെ ഉടനടി അറിയിക്കേണ്ടതുമാണ്. ചാലക്കുടി നഗരസഭ മേൽപ്രകാരമുള്ള പട്ടിക തയ്യാറാക്കുകയും കൈമാറുകയും ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 25/22.01.2022)

## 1-43 വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതുന്നില്ല.

വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതിതയ്യാറാക്കാത്തതുമൂലം ധനകാര്യപത്രിക പ്രകാരമുള്ള വാടകകുടിശ്ശികയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും ധനകാര്യപത്രിക പ്രകാരമുള്ള വാടകകുടിശ്ശികയുമായി പൊരുത്തപ്പെടുത്തേണ്ടതും കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതുമാണ്.

| വർഷം | ധനകാര്യ പത്രിക പ്രകാരമുള്ള വാടക കുടിശ്ശിക |
|---|---|
| 2019-20 | 3600207 |
| 2020-21 | 4316557 |

(ഓഡിറ്റ് എൻക്വയറി നമ്പർ 22/22.01.2022)

## 1-44 മുറികൾ ലേലം ചെയ്യുന്നതു സംബന്ധിച്ച്

ഫയൽ നമ്പർ R4-12753/19, R4-11767/17

ചാലക്കുടി നഗരസഭയിൽ മുറികൾ ലേലം ചെയ്യുമ്പോൾ ഉയർന്ന ഡെപ്പോസിറ്റും ചെറിയ വാടകയും വാങ്ങുന്ന രീതിയാണ് തുടർന്നുവരുന്നത്.എസ്.സി,എസ്.ടി ഗുണഭോക്താക്കൾക്ക് നീക്കി വച്ച മുറികൾക്കൊഴികെ ഡെപ്പോസിറ്റിൻമേലാണ് ലേലം നടത്തുന്നത്.

ഉദാഹരണമായി12.02.2020 ന് മുറികളുടെ ലേലത്തിൽ ലേലനടപടികൾ പൂർത്തിയായതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലതിയതി, തീരുമാനം | മുറി നമ്പർ, ലേലം കൊണ്ട വ്യക്തി | ഡെപ്പോസിറ്റ് തുക | പ്രതിമാസ വാടക |
|---|---|---|---|---|
| 1 | ചാലക്കുടിനഗരസഭ പുതിയ ബസ് സ്റ്റാന്റ് കെട്ടിടത്തിലെ12/02/2020 ന് നടന്ന പൊതു ലേലം, | XX/659 (F) കുഞ്ഞുമോൻ. കെ.കെ(Scമുറി) | 15000 രൂപ | 5000 |
| 2 | | XX/659 (G) | 525000 | 1780 |

| | | | | |
|---|---|---|---|---|
| | നഗരസഭാ കൗൺസിലിന്റെ 12/03/20ലെ 8-ാം നമ്പർ തീരുമാനം | ജോബി മേലേടത്ത് | | |
| 3 | | XX/659 (H) ജെറിൻ വർഗ്ഗീസ് | 512000 | 1780 |
| 4 | | XX/659 (J) ജോസ്.എ.ടി. | 506000 | 1780 |
| 5 | | XX/659 (K) കെ.മോഹനൻ | 506000 | 1780 |
| 6 | | XX/659 (O) ഫെബിൻ വർഗ്ഗീസ് | 303000 | 1400 |
| 7 | | XX/659 (P) വർഗ്ഗീസ് | 252000 | 1100 |
| 8 | | XX/659 (Q) സണ്ണി തോമസ് | 204000 | 910 |

നഗരസഭയിൽ മുറികൾ ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു

I) R4-11767/17/17.01.2020 ലേല നോട്ടീസിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിബന്ധകൾ പ്രകാരം S.C/S.T വിഭാഗങ്ങൾക്ക് നീക്കിവെച്ച മുറികൾ മാത്രമാണ് വാടകയിൻമേൽ ലേലം നടത്തുന്നത്. മറ്റു മുറികൾ ഡെപ്പോസിറ്റിൻമേലാണ് ലേലം നടത്തുന്നത്. 2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും)ചട്ടങ്ങൾ-ചട്ടം 11 പ്രകാരം വാടകയ്ക്ക് കൊടുക്കൽ പരസ്യലേലം വഴിയോ ടെണ്ടർ വഴിയോ ആയിരിക്കേണ്ടതാണ്. ആയതിനാൽ വാടകയ്ക്ക് കൊടുക്കുന്നത് ലേലം ചെയ്യുമ്പോൾ ലേലം വാടകയിൻമേലായിരിക്കേണ്ടതാണ്.

നിക്ഷേപം സ്വീകരിക്കൽ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ അത് ഈടാക്കുന്നതിനുള്ള കരുതൽ ആയിട്ടാണ് കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 215 (8) ൽ നിന്നും വ്യക്തമാകുന്നത്. ഡെപ്പോസിറ്റ് ഇനത്തിൽ അധികം തുകയും വാടക ഇനത്തിൽ ചെറിയ തുകയും വാങ്ങിക്കുന്നത് നഗരസഭയ്ക്ക് വലിയ ബാധ്യത വരുത്തുന്നതാണ്.

II) ഡെപ്പോസിറ്റ് ഇനത്തിൽ വലിയ തുകകൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഈ തുകകളൊന്നും നഗരസഭ സ്ഥിര നിക്ഷേപമായി സൂക്ഷിച്ചിട്ടില്ല എന്നാണ് 2019-20, 2020-21 വർഷങ്ങളിലെ ധനകാര്യപത്രികയിൽ നിന്നും വ്യക്തമാകുന്നത്.

2019-20, 2020-21 വർഷങ്ങളിൽ വാടക,ഡെപ്പോസിറ്റ് ഇനങ്ങളിൽ ഉള്ള വരവും വാടക ഡെപ്പോസിറ്റ് ഇനത്തിൽവരുന്ന ബാധ്യതയും താഴെ ചേർക്കുന്നു.

| ഇനം /വർഷം | 2019-20 | 2020-21 |
|---|---|---|
| വാടക വരവ് തൻ വർഷം | 8971762 | 7066334 |
| വാടക വരവ് കുടിശ്ശിക | 1044985 | 1456143 |
| വാടക ഡെപ്പോസിറ്റ് വരവ് | 1331500 | 3137562 |
| ബാലൻസ് ഷീറ്റ് B7 പത്രിക പ്രകാരം ലയബിലിറ്റി ആയിവരുന്ന വാടക ഡെപ്പോസിറ്റ് | 105283942 | 107937340 |

Iii) 2018-19 ന ശേഷം വാടകയിൽ വർദ്ധന വരുത്തിയിട്ടില്ല. വാടക വർദ്ധന നടപ്പിൽ വരുത്താതിരിക്കുന്നത് വരുമാന വർദ്ധനവിന് തടസ്സമാകുന്നു.
ഇക്കാര്യങ്ങളിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ 21/22.01.2022)

## <u>1-45 കണ്ടിൻജന്റ് തൊഴിലാളികളുടെ എൻ പി എസ് വിഹിതം അടവാക്കുന്നില്ല.</u>

ജി ഒ (പി)നം.20/2013/ധന, തിയതി. 7-1-2013 പ്രകാരം, 1-4-2013 മുതലുള്ള നിയമനങ്ങൾക്ക് ദേശീയ പെൻഷൻ

പദ്ധതിയാണ് ബാധകം. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളവും ബത്തയും ഉൾപ്പെടെയുള്ള തുകയുടെ 10% ഈടാക്കി തത്തുല്യ തുക മുനിസിപ്പാലിറ്റിയും സംഭാവന ചെയ്ത് ഓരോ ജീവനക്കാരന്റെയും പെൻശൻ എക്കൗണ്ടിൽ അടവാക്കും. ഇതിനായി ഓരോ ജീവനക്കാരനും പെർമനെന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ അഥവാ പ്രാൺ ലഭ്യമാക്കണം. 30 ദിവസത്തിനകം ജീവനക്കാരന് പ്രാൺ ലഭ്യമാക്കുവാൻ ഓഫീസ് മേധാവി ഉറപ്പ് വരുത്തണം.

ചാലക്കുടി മുനിസിപ്പാലിറ്റിയിൽ, 2013 മുതൽ നിയമിതരായ 25 കണ്ടിൻജന്റ് വിഭാഗം ജീവനക്കാരുടെ, 1/21 വരെയുള്ള എൻ പി എസ് വിഹിതം നഗരകാര്യ ഡയറക്ടറേറ്റിലേക്ക് അടച്ചതായി കാണുന്നില്ല. ഈ ജീവനക്കാർ ജോലിയിൽ പ്രവേശിച്ച മാസം മുതൽ തന്നെ അവരുടെ ശമ്പളത്തിൽ നിന്നും, എൻ പി എസിന്റെ എംപ്ലോയീസ് ഷെയർ പിടിക്കുന്നുണ്ടെങ്കിലും ആയത് മുനിസിപ്പാലിറ്റിയുടെ ഷെയർ അടക്കം നഗരകാര്യവകുപ്പ് ഡയറക്ടർക്ക് അടച്ചതായി കാണുന്നില്ല. 2/21 മുതൽ മാത്രമാണ് കൃത്യമായി എൻ പി എസ് വിഹിതം അക്കൗണ്ടിലേക്ക് അടയ്ക്കുന്നതായി കാണുന്നത്. 1/2021 വരെ മൊത്തം 49,10,092 രൂപാ അടയ്ക്കുവാൻ ബാക്കിയുള്ളതായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ബോധ്യമായി. (H4-12713/15)

2013 മുതൽ തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും എൻ പി എസ് വിഹിതമായി ഈടാക്കിയ തുക മുനിസിപ്പാലിറ്റിയുടെ ഷെയർ അടക്കം എൻ പി എസ് ലേക്ക് അടവാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 ടൗൺ ഹാളിൽ അക്കൗസ്റ്റിക്ക് സംവിധാനം ഒരുക്കൽ. സെന്റേജ് ചാർജ് അധികം കണക്കാക്കിയ 203291 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : 409/21

ടൗൺ ഹാളിൽ അക്കൗസ്റ്റിക്സ് സംവിധാനം ഒരുക്കൽ

ചലാൻ പ്രകാരം തുക അടച്ച തിയ്യതി. 20/02/21

ചെക്ക് നമ്പർ. 794799/19-02-21 (SBI)

നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

KPW മാന്വൽ 1601.4 ലെ വ്യവസ്ഥ അനുസരിച്ച് ലോക്കൽ സെൽഫ് ഗവൺമെന്റ് സ്ഥാപനങ്ങളെ PWD യിൽ നിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടുന്ന സംഗതികളിൽ എസ്റ്റിമേറ്റ് പ്രിപ്പറേഷനായുള്ള 2.5% സെന്റേജ് ചാർജ് അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല ഫിനാൻസ് (ഇൻഡസ്ട്രീസ് ആന്റ് പബ്ലിക് വർക്ക്സ് ബി) വകുപ്പിന്റെ 18/2019/Fin തിയ്യതി. 01/03/2019 ലെ ഉത്തരവു പ്രകാരം പൊതുമരാമത്തു പ്രവൃത്തികളുടെ വിവിധ തരത്തിലുള്ള കോൺട്രാക്ട് തുകയായി കണക്കാക്കേണ്ടുന്ന എസ്റ്റിമേറ്റ് എന്നാൽ ജി.എസ്.ടി ഉൾപ്പെടാത്ത തുകയാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ടൗൺഹാളിൽ അക്കൗസ്റ്റിക്സ് സംവിധാനം എന്ന പ്രോജക്ടിന്റെ എസ്റ്റിമേറ്റ് സൂപ്പർവിഷൻ എന്നിവ തൃശ്ശൂർ പി.ഡബ്ള്യു.ഡി ഇലക്ട്രോണിക്സ് ഡിവിഷനാണ് തയ്യാറാക്കിയിട്ടുള്ളത്. GST ചേർത്ത തുകക്കാണ് സെന്റേജ് ചാർജ് കണക്കാക്കിയിരിക്കുന്നത്.
ആകെ എസ്റ്റിമേറ്റ് തുക – 3247257

ജി.എസ്.ടി 18% 584506

ആകെ 3831763

സെന്റേജ് ചാർജ് 13.78% 528017

ഈ പ്രവർത്തിയിൽ ആകെ 10 % സെന്റേജ് ചാർജ് മാത്രമേ അനുവദിക്കാനാകൂ എങ്കിൽ അനുവദിക്കാവുന്നത് താഴെ ചേർക്കുന്നു.
ആകെ എസ്റ്റിമേറ്റിന്റെ 10% = 3247257 X 10% = 324726
അധികം നൽകിയത് = 528017 – 324726 = 203291

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് കൃത്യമായ വിശദീകരണം തരാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽ അധികം തുക നൽകിയ ചെലവു നടപടി ക്രമപ്രകാരമല്ല എന്ന് കണ്ട് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ. 18/21-01-2022

## 1-47 വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന പ്രവർത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) ലംഘിച്ചിട്ടും കേരള പൊതുമരാമത്ത് മാന്വൽ 2012 ഖണ്ഡിക 2112, മേൽ പറഞ്ഞ കരാറിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ, തദ്ദേശസ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018 ലെ എ.സി2/223/16 തസ്വഭവ നമ്പർ

സർക്കുലർ എന്നിവ പ്രകാരമുള്ള ഒരു പിഴയും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്നു കാണുന്നു. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവർത്തി നടത്താത്തതിന്റെ കാരണം കരാറുകാരൻ രേഖാമൂലം അറിയിക്കുകയോ, അതിൻമേൽ നഗരസഭ ഭരണ സമിതി തീരുമാനം എടുക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ, പ്രായോഗികമായ സമയ ദീർഘീകരണം ചെയ്യുകയോ ഉണ്ടായിട്ടില്ല. കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഈ നടപടി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ നിയമാനുസൃത പിഴ ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ 28/01/22 ൽ മറുപടി നൽകിയിട്ടുണ്ട്. 31/07/2021 ലെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 1444/2021/ തസ്വഭവ ഉത്തരവ് പ്രകാരം കോവിഡ് കാലത്തെ ലോക്ക്ഡൗൺ മൂലമുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആറു മാസക്കാലത്തേക്ക് പിഴയില്ലാതെ പ്രവർത്തികൾ നീട്ടിനൽകാൻ കഴിയും എന്ന് അറിയിച്ചിട്ടുണ്ട്. ഈ പ്രവർത്തികളിലൊന്നും ഇപ്പറഞ്ഞ കാലയളവിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടവയായിരുന്നില്ല എന്നതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ പിഴ ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി.40/25-01-2022)

നിർവ്വഹണോദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവർത്തിയുടെ പേര് | എഗ്രിമെന്റ് തിയ്യതി | T.S നമ്പർ, നിയമാനുസൃത കാലാവധി | കരാറുകാരന്റെ പേര് | പ്രവർത്തി പൂർത്തീകരിച്ച അവസാന ചെക്ക് മെഷർമെന്റ് തിയ്യതി.എം ബുക്ക് | എഗ്രീഡ് .പി.എ.സി | ഈടാക്കാവുന്ന മിനിമം പിഴ |
|---|---|---|---|---|---|---|---|---|
| 1 | 459/21 | വി.ആർ.പുരം കമ്മ്യൂണിറ്റി ഹാളിന്റെ അടിസ്ഥാന സൗകര്യ വികസനം | എഗ്രിമെന്റ് നമ്പർ. 15/18-19 തിയ്യതി. 04/12/2018 | 6 മാസം | എൻ.പി.ജോസ് | MB.No.21/20-21.Page.44 01/10/2020 | 450000*11.6% Below =397800 | 11934 |
| 2 | 431/21 | ഐലാർ പാടം കാന നിർമ്മാണവും സ്ലാബ് ഇടുന്നതിനുള്ള പദ്ധതി വാർഡ് 28 | 40/19-20 തിയ്യതി. 15/11/19 | 6 മാസം | കെ.പി.ജോയ് | MB No. 141/19-20 Page.20 07/08/2020 | 532287.94 | 5323 |
| 3 | 280/21 | അട്ടത്തോട് കെട്ടി സംരക്ഷണം | 54/19-20. തിയ്യതി 04/01/2020 | 6 മാസം | അനീഷ് ഭാസ്കരൻ | MB No.152/20-21. Page.5 01/01/21 | 706046.66 | 21181 |

## 1-48 ഫയലുകൾ ഹാജരാക്കിയിട്ടില്ല.8707383 രൂപയുടെ ചിലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രധാനപ്പെട്ട പ്രോജക്ടുകളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് (എൻക്വയറി നമ്പർ 11/21-01-2022) ഹാജരാക്കാത്ത രേഖകളുടെ കാര്യത്തിൽ 1997 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ, ചട്ടം 12(2) പ്രകാരം (ഓഡിറ്റ് എൻക്വയറി) നഗരസഭയ്ക്ക് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ഫയലുകൾ ഹാജരാക്കി എന്ന് നഗരസഭ 28/01/22 ന് മറുപടി നൽകിയെങ്കിലും ആവശ്യപ്പെട്ട പതിനഞ്ചു ഫയലുകളിൽ താഴെ ചേർക്കുന്ന ഏഴു ഫയലുകൾ ഹാജരാക്കിയിട്ടില്ലാത്തതാണ്. ആയതിനാൽ അവയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ | പ്രോജക്ടിന്റെ | പ്രോജക്ടിന്റെ | ചെലവ് | വൗച്ചർ നമ്പർ , |
|---|---|---|---|---|

| നമ്പർ | നമ്പർ | പേര് | പത്രിക പ്രകാരം ചിലവ് | തീയതി |
|---|---|---|---|---|
| 1 | 99/21 | ക്രിമിറ്റോറിയം നവീകരണം | 1677996 | 22002394/28-03-21 |
| 2 | 267/21 | സുഭാഷ് നഗർ ബൈലൈൻ റോഡ്, കളപ്പാട്ടിൽ റോഡ്, കുരിശടി റോഡ് | 1179473 | 22001969/20-05-20 |
| 3 | 271/21 | കാട്ടാൻ തോട് റോഡ് നിർമ്മാണം വാർഡ്-35 | 1057237 | 22002193 15-08-20 |
| 4 | 273/21 | വാർഡ് 19 സ്ത്രീശാക്തീകരണ കേന്ദ്രം നിർമ്മാണം | 1085866 | 22002258 19-06-21 |
| 5 | 274/21 | കാളാഞ്ചിറ റോഡ് നിർമ്മാണം | 1281641 | 22021950 15-08-20 |
| 6 | 283/21 | വയോജന മന്ദിര നിർമ്മാണം വാർഡ് 9 | 1492077 | 22002262 20/06/21 |
| 7 | 355/21 | കസ്തൂർബ മൾട്ടിപർപ്പസ് വനിത വ്യവസായ യൂണിറ്റ് നിർമാണം. വാർഡ് 33 | 933093 | 22002180 20/05/20 |
| | | ആകെ | 8707383 | |

## 1-49 ടൗൺ ഹാൾ പൂർത്തീകരണം. പ്രവർത്തി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകേണ്ടതാണ്

ടൗൺ ഹാൾ പൂർത്തീകരണവുമായി ബന്ധപ്പെട്ട് രണ്ടു പ്രോജക്ടുകൾ നിലവിലുള്ളതായി കാണുന്നു.

1. പ്രോജക്ട് നമ്പർ. 141/21

ടൗൺ ഹാൾ പൂർത്തീകരണം

2. പ്രോജക്ട് നമ്പർ. 189/21

ടൗൺ ഹാൾ ഇലക്ട്രിഫിക്കേഷൻ

ആദ്യ പ്രവർത്തിയുടെ കരാർ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി 02/11/2020 ന് 6/ 2021 നമ്പറിൽ ഒപ്പു വെച്ചിട്ടുള്ളതാണ്. 82827/ 20-21 Dt 30/10/2020 പ്രകാരം കാലാവധി 6 മാസമാണ്. ഈ പ്രോജക്ടിൽ ഇതു വരെ ഏജൻസിക്ക് 1 കോടി രൂപ കൈമാറിയിട്ടുണ്ട്. രണ്ടാമത് പ്രവർത്തിയുടെ എഗ്രിമെന്റ് 11/06/2020 ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി 4/20-21 നമ്പറിൽ ഒപ്പു വെച്ചിട്ടുണ്ട്. ടെക്നിക്കൽ സാങ്ഷൻ നമ്പർ. 2019-2020/2018/3123 തിയ്യതി 16/03/2020 പ്രകാരം നാലു മാസമാണ്. നാളിതുവരെ ഈ പ്രോജക്ടിന് 1000000 രൂപ

കൈമാറിയിട്ടുണ്ട്. പല പ്രാവശ്യം സമയം നീട്ടി നൽകിയിട്ടും ഈ രണ്ടു പ്രോജക്ടും നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ടുകൾ പൂർത്തീകരിക്കാൻ എത്രയും പെട്ടെന്ന് ഏജൻസിക്ക് നിർദ്ദേശം നൽകേണ്ടതാണ്.

ഈ പ്രവർത്തികളുടെ E1/12841/17 എന്ന ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.
ഈ ഫയലിൽ രണ്ടു പ്രവർത്തികൾ ഉൾക്കൊണ്ടിട്ടുണ്ട്. ഈ രണ്ടു പ്രോജക്ടുകളും ഒരു ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതിനാൽ ഓരോ പ്രോജക്ടിലേയും അനുബന്ധരേഖകൾ കൃത്യമായി നിർണയിക്കുന്നതിന് നിലവിൽ സാധ്യമല്ലാത്ത അവസ്ഥയാണുള്ളത്. ഓരോ പ്രോജക്ടിലേയും അനുബന്ധ രേഖകൾ പ്രത്യേകം പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

**1-50 ഫയലുകൾ ഹാജരാക്കിയിട്ടില്ല. 2255503രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രധാനപ്പെട്ട പ്രോജക്ടുകളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് (എൻക്വയറി നമ്പർ 11/21-01-2022) ഹാജരാക്കാത്ത രേഖകളുടെ കാര്യത്തിൽ 1997 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ, ചട്ടം 12(2) പ്രകാരം (ഓഡിറ്റ് എൻക്വയറി) നഗരസഭയ്ക്ക് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ഫയലുകൾ ഹാജരാക്കി എന്ന് നഗരസഭ 28/01/22 ന് മറുപടി നൽകിയെങ്കിലും ആവശ്യപ്പെട്ട ഫയലുകളിൽ രണ്ടു ഫയലുകൾ ഹാജരാക്കിയിട്ടില്ലാത്തതാണ്. ആയതിനാൽ അവയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവു പത്രിക പ്രകാരം ചിലവ് | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|
| 1 | 346/21 | കിഴക്കെമാലികുളം പുനരുദ്ധാരണം | 911041 | 22002067<br>10-11-2020 |
| 2 | 347/21 | വി.ആർ.പുരം ഹയർ സെക്കൻഡറി സ്കൂൾ പൂർത്തീകരണം | 1344462 | (550684) 22002067/10-11-20<br>(653288) 22001968/20-05-20<br>(140490) 22001949/10-05-20 |
| | | ആകെ | 2255503 | |

**1-51 ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.5,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

നിർവ്വഹണം – സെക്രട്ടറി

| പ്രോജക്ട് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 30/21 കാൻ തൃശ്ശൂർ വിഹിതം നല്കൽ | 51 | 10/11/20 | 5,00,000 |

മേൽ പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് കാൻ തൃശ്ശൂർ എന്ന പ്രോജക്ടിന് വിഹിതം നല്കിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.ഔദ്യോഗിക രസീത് ,വിനിയോഗസാക്ഷ്യപത്രം എന്നിവ ഇല്ലാത്തതിനാൽ 5,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 52 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല.)

**1-52 പദ്ധതി രൂപീകരണ മോണിറ്ററിംഗ് ചെലവ്-198180 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

നിർവ്വഹണം- സെക്രട്ടറി

പദ്ധതി മോണിറ്ററിംഗ് പ്രോജക്റ്റുമായി ബന്ധപ്പെട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 01/21 പദ്ധതി രൂപീകരണ മോണിറ്ററിംഗ് ചെലവ് (ഫയൽ ജി3-7334/2020) | 7 | 18/5/20 | 90,000 | 36 കൌൺസിലർമാർക്ക് 2500 വീതം വാർഡ് സഭ നടത്തിപ്പിനായി നല്കിയ തുക, ചെലവ് രേഖകൾ ഫയലിൽ ഇല്ല |
| | 21 | 24/6/20 | 68,000 | മത്തായി കാറ്ററിംഗ് സർവ്വീസിന് നല്കിയ തുക, ആദായനികുതി നിയമം 1961 വകുപ്പ് 194(സി) പ്രകാരം ആദായ നികുതി TDS നടത്തിയില്ല |
| | 22 | 29/7/20 | 10,080 | ജനയുഗം പബ്ലിക്കേഷന് പരസ്യ ചെലവിനത്തിൽ നല്കിയ തുക.സർക്കാർ ഉത്തരവ് (ആർടി)1/2011/ഐ പി ആർഡി തീ 4/1/11) പ്രകാരം നിർദ്ദേശിച്ച രീതിയിൽ 15% ഡിസ്കൌണ്ട് ലഭ്യമാക്കിയില്ല. |
| | 34 | 26/8/20 | 98100 | 1.ഇതിൽ 91,000 രൂപ ഡൈനേഴ്സ് ചോയ്സ് കാറ്ററേഴ്സ് & പ്ലാനേഴ്സ് എന്ന സ്ഥാപനത്തിന് നല്കിയതാണ്. എന്നാൽ ഭക്ഷണ ചെലവിനത്തിലുള്ള 43600 രൂപയുടെ എസ്റ്റിമേറ്റ് മാത്രമേ ഫയലിൽ ഉള്ളൂ.<br>2.ആദായനികുതി നിയമം 1961 വകുപ്പ് 194(സി) പ്രകാരം ആദായ നികുതി TDS നടത്തിയില്ല |

I) രേഖകൾ ഹാജരാക്കുന്നതുവരെ കൌൺസിലർമാർക്ക് നല്കിയ തുക 90,000രൂപ, ചോയ്സ് കാറ്ററേഴ്സിന് നല്കിയ തുക 98100 രൂപ ഡിസ്കൌണ്ട് ക്രമീകരിക്കുന്നതുവരെ ജനയുഗം പബ്ലിക്കേഷൻസിന് നല്കിയ 10080 രൂപ ,ഇപ്രകാരം ആകെ 198180 രൂപ തടസ്സപ്പെടുത്തുന്നു.

Ii) കാറ്ററിംഗ് സർവ്വീസിന് തുക നല്കുമ്പോൾ ആദായനികുതി ടിഡിഎസ് കുറവ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. (ബിൽ നമ്പർ . 21 രൂപ 68,000)
(ഓഡിറ്റ് എൻക്വയറി 52 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-53 അന്നമനട ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥിക്ക് ആനുകൂല്യം നല്കി.-സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 22703 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 6/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് G3/1111038/20 | 48 | 25/10/20 | 567575 | ഇതിൽ ക്ര.ന 9.കുമാരി അനാമിക കെ കെയുടെ വരുമാന സാക്ഷ്യപത്രം,ആധാർ എന്നിവ പ്രകാരം ഇവർ അന്നമനട ഗ്രാപഞ്ചായത്തിൽ കല്ലൂർ കിഴക്കുമുറിയിൽ താമസിക്കുന്നവരാണ്.ഗുണഭോക്താവ് അന്നമനട ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് ഉറപ്പാക്കുന്നതിന് പഞ്ചായത്തിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ലാപ്ടോപ്പിന്റെ വില 22703 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. |

(ഓഡിറ്റ് എൻക്വയറി 52 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-54 ഓഫീസ് കമ്പ്യൂട്ടർവത്കരണം-ഇൻവോയ്സ് ലഭ്യമായിട്ടില്ല-സ്റ്റോക്ക് എൻട്രി ഇല്ല-612535 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 342/21-ഓഫീസ് കമ്പ്യൂട്ടർവത്കരണം (G3/9876/19) | 10 | 27/5/20 | 601935 | പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 15 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് കെൽട്രോണിന് നല്കിയ തുക.ഇൻവോയ്സ് ലഭ്യമായിട്ടില്ല, കമ്പ്യൂട്ടറുകൾ |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമായോയെന്ന് വ്യക്തമല്ല. |
| | 38 | 22/9/20 | 10600 | Classic Wall Mount Screen 2 എണ്ണം വാങ്ങിയതിന്റെ Excel Business Systems ന് നല്കിയത്.ആയത് സ്റ്റോക്കിൽ ചേർത്തിട്ടില്ല. |
| | | | 612535 | |

ഇൻവോയ്സും സ്റ്റോക്ക് എൻട്രിയും ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവ് തുക 612535 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 52 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## **<u>1-55 ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല-1000000 രൂപ തടസ്സപ്പെടുത്തുന്നു</u>**

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 3/21-വയോമിത്രം പദ്ധതി (G3 9784/20) | 12 | 28/5/20 | 1000000 | സാമൂഹ്യ സുരക്ഷമിഷന് നല്കിയ തുകയുടെ കൈപ്പറ്റ് രസീത് , ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |

ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ 1000000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു(ഓഡിറ്റ് എൻക്വയറി 52 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## **<u>1-56 പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ-സാങ്കേതികാനുമതി-കരാർ-രസീത്-പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ഇല്ല-20,00,000 രൂപ തടസ്സപ്പെടുത്തുന്നു.</u>**

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 21/21-പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (G3-1000/21) | | | 20,00,000 | 1.കേരള വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടില്ല<br>2.കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതി നല്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | | 3.തുക നല്കിയതിന് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല<br>4. നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല<br>5.ഈ തുക “412100100- Capital Work In Progress - Development Fund” എന്ന ശീർഷകത്തിലാണ് തെറ്റായി ഉൾപ്പെടുത്തിയത്. “460500202- Advance To Implimenting Agencies-Specific Grants” എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. |

സാങ്കേതികാനുമതി ലഭ്യമാക്കാതെയും കരാറിലേർപ്പെടാതെയും കൈപ്പറ്റ് രസീത് ലഭ്യമാക്കാതെയും തുക കൈമാറിയതിനാൽ പ്രവൃത്തി പൂർത്തീകരണ/ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവ് തുക 20,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വാർഷികകണക്കിൽ തുക “460500202- Advance To Implimenting Agencies-Specific Grants” ലേക്ക് മാറ്റേണ്ടതും പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് തുക അതാത് ആസ്തി ശീർഷകത്തിലേക്ക് മാറ്റേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 52 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-57 തുല്യത പരീക്ഷ -പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ലഭ്യമല്ല-1,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 222/21- തുല്യത പരീക്ഷ (ജി3-126908/19) | 1<br>2 | 20/4/20<br>20/4/20 | 96350<br>53650 | തുല്യത പരീക്ഷക്ക് രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ ഫയലിൽ ഇല്ല |
| | | | 1,50,000 | |

രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 1,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 52 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-58 കസേര വാങ്ങിയതിന്റെ ചെലവ് 2996097 രൂപ ആസ്തിയിൽ ഉൾപ്പെടുത്തേണ്ടതാണ്

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 462/21- ടൗൺഹാളിലേക്ക് ഫർണിച്ചർ | 69 | 15/1/21 | 2996097 | ‘ആർട് കോ’ യിൽ നിന്ന് 453 എണ്ണം Theatre Chair Model |

| | | | | | |
|---|---|---|---|---|---|
| | | | | | വാങ്ങിയതിന് നല്കിയ തുക. 1.ഇവ വാർഷികകണക്കിൽ ആസ്തിയായി ഉൾപ്പെടുത്താതെ വൗച്ചർ നമ്പർ 22002092 തീ 13/1/21 പ്രകാരം ഈ തുക “251102001-Arts,Culture,Sports And Youth Welfare-Infrastructure-General” എന്ന ചെലവ് ശീർഷകത്തിൽ എഴുതി തള്ളിയിരിക്കുന്നു |

(l) കസേര വാങ്ങിയതിന്റെ ചെലവ് തുക 2021-22 സാമ്പത്തിക വർഷത്തിൽ ആസ്തി ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 52 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-59 നഗരസഭ അസറ്റ് ജി ഐ എസ് മാപ്പിംഗ്- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | വൌച്ചർ | ബില്ലിൽ നിന്നും കുറവ് ചെയ്ത റീടെൻഷൻ തുക | ശീർഷകം |
|---|---|---|---|---|---|---|
| 184/21- നഗരസഭ അസറ്റ് ജി ഐ എസ് മാപ്പിംഗ് (ഫയൽ ജി3-20896/18) | 89<br>9 | 27/3/21<br>26/5/20 | 2821586<br>2178414 | 22002338<br>22002179 | 235846<br>--- | 412100100 Capital Work In Progress - Development Fund |

തദ്ദേശ ഭരണ വകുപ്പിന്റെ സ.ഉ(സാധാ) നമ്പർ 2556/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള നഗരസഭ അസറ്റ് ജി ഐ എസ് മാപ്പിംഗ് നടത്തി സാമൂഹ്യ ആസ്തികളുടെ പരിപാലനത്തിനാണ് പദ്ധതി, ഇതുവഴി നഗരസഭയുടെ സാമൂഹ്യ ആസ്തികളുടെ രജിസ്റ്റർ തയ്യാറാക്കുന്നു.2019-20,2020-21 വർഷങ്ങളിലായി നടപ്പാക്കാനുദ്ദേശിച്ചിരുന്ന ബഹുവർഷ പ്രോജക്റ്റിന് രണ്ട് വർഷങ്ങളിലുമായി 75,00,000 രൂപ വകയിരുത്തിയിരുന്നു.2019-20 ൽ ഈയിനത്തിൽ ചെലവില്ല. 2020-21 ൽ നീക്കിവെച്ച 50,00,000രൂപയും മേൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ ഭരണ വകുപ്പിന്റെ സ.ഉ(സാധാ) നമ്പർ 2556/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സോഫ്റ്റ്വെയർ & ടെക്നിക്കൽ സപ്പോർട്ടിന്റെ ചെലവ് 50,00,000 ൽ താഴെയാണെങ്കിൽ ജി ഐ എസ് മാപ്പിംഗ് നടത്തുന്നതിന് ഊരാളുങ്കൽ ലേബർ കോപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നേരിട്ട് കരാർ നല്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം സർക്കാർ ജി ഐ എസ് മാപ്പിംഗിന് നിശ്ചയിച്ച നിരക്കുകൾ താഴെ ചേർക്കും പ്രകാരമാണ്.

| |
|---|
| 110രൂപ/House Holds |

| |
|---|
| 7000 രൂപ /Sq Km Which Includes Detailed Road Survey |
| Software Development Nil |

ഊരാളുങ്കൽ ലേബർ കോപ്പറേറ്റീവ് സൊസൈറ്റി ചാലക്കുടി നഗരസഭയ്ക്ക് നല്കിയ പ്രൊപ്പോസൽ നിയമോപദേശം ലഭ്യമാക്കിയ ശേഷം നഗരസഭ കൌൺസിൽ തീരുമാനം 24 തീ 23/10/19 ആയി അംഗീകരിക്കുകയും 4/11/19 ൽ ഊരാളുങ്കൽ ലേബർ കോ ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിലേർപ്പെടുകയും ചെയ്തു. കരാർ പ്രകാരം ആകെ പ്രോജക്റ്റ് ചെലവ് താഴെ ചേർക്കും പ്രകാരമാണ്.(കരാർ അനുബന്ധം ബി)

| Sl No | Item | Unit | Unit Price | Total Unit | Total Price |
|---|---|---|---|---|---|
| 1 | Base Map | Sq Km | 7000 | 26 | 182000 |
| 2 | House Hold Survey | Number | 110 | 40000 | 4400000 |
| 3 | Drone Survey | Sq Km | 20000 | 26 | 520000 |
| 4 | GIS Portal | Number | 1000000 | 1 | 1000000 |
| | | | | | 6102000 |
| | GST 19% | | | | 1159380 |
| | ആകെ | | | | 7261380 |

മേൽ തുക അടവാക്കേണ്ടത് താഴെ ചേർക്കും പ്രകാരമാണ്.(കരാർ അനുബന്ധം സി)

| ക്രം.ന | | ജി എസ് ടി ഉൾപ്പെടെ തുക |
|---|---|---|
| 1 | മുൻകൂർ 30%- കരാറിൽ ഏർപ്പെടുമ്പോൾ<br>(മുൻകൂർ തുക ആനുപാതികമായി തുടർ പേയ്മെന്റുകളിൽ നിന്ന് കുറവ് ചെയ്യും) | 2178414 |
| 2. | Base Map Preparation And Drone Survey (ബേസ് മാപ്പിന്റെ സോഫ്റ്റ് കോപ്പി നഗരസഭക്ക് നല്കുമ്പോൾ നല്കേണ്ട തുക) | 835380 |
| 3. | House Hold Survey<br>(യഥാർത്ഥ എണ്ണം സർവ്വേ ചെയ്തതിനനുസരിച്ച് ,പ്രതിമാസ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ) | 5236000 |
| 4. | Software Configuration And Hosting | 1190000 |
| | ആകെ (മുൻകൂർ ഒഴികെ) | 7261380 |

പ്രവൃത്തി 3 മാസത്തിനുള്ളിൽ പൂർത്തീകരിക്കും (ക്ലോസ് 2.1) പ്രവർത്തന കലണ്ടർ അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.

| | | |
|---|---|---|
| Mile Stone 1 | 26 Sq Km ഡ്രോൺ സാറ്റലൈറ്റ് ബേസ് മാപ്പ് തയ്യാറാക്കി 1:4000 റെസൊല്യൂഷനിൽ Tiff Format ൽ നല്കും | 7 ദിവസം |
| Mile Stone 2 | വെബ് പോർട്ടൽ തയ്യാറാക്കൽ | 15 ദിവസം |
| Mile Stone 3 | ഫീൽഡ് സർവ്വേ നടത്തൽ<br>A)30% Field Survey Of Property Along With Land Use And Land Cover<br>B)30% Field Survey Of Property With Land Marks<br>C)40% Field Survey Of Property And Road Survey | 56 ദിവസം |

| | | |
|---|---|---|
| Mile Stone 4 | വെബ് സെർവ്വർ പബ്ലിഷ് ചെയ്യൽ | 7ദിവസം |
| Mile Stone 5 | ഐ കെ എമ്മുമായി ഡാറ്റാ കൈമാറൽ | 5 ദിവസം |

മേൽ പ്രോജക്റ്റ് 3/2/20 ന് മുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്നതാണെങ്കിലും 12/6/20 ലും 3/11/20 ലുമായി 2 തവണ മൂന്നുമാസം വീതം സമയത്തേക്ക് കരാർ പൂർത്തീകരിക്കുന്നതിന് നഗരസഭ സമയം ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്.

ഊരാളുങ്കൽ ലേബർ കോ ഓപ്പറേറ്റീവ് സൊസൈറ്റി ഹാജരാക്കിയ ഇൻവോയ്സുകൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ഇൻവോയ്സ് നമ്പർ | തീയ്യതി | തുക | ഇനം |
|---|---|---|---|---|
| 1 | ULC128 | 03/12/20 | 1038400 | House Hold Survey 8000 Nos @110=8,80,000+ Gst 18% |
| 2. | ULC78 | 28/10/20 | 2088600 | House Hold Survey 7000 Nos @110=7,70,000+ Gst 18%<br>GIS Portal 1@ 1000000+Gst 18% |
| 3. | ULC 67 | 30/9/20 | 649000 | House Hold Survey 5000 Nos @110=5,50,000+ Gst 18% |
| 4 | ULC152 | 22/12/20 | 454300 | House Hold Survey 3500 Nos @110=3,85,000+ Gst 18% |
| 5 | ULC62 | 24/9/20 | 828360 | Base Map 26 Sq Km @7000 =182000+Gst 18%<br>Drone Survey 26 Sq Km@ 20,000= 5,20,000+Gst 18% |
| | | | 50,58,660 | |

മേൽ പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു

I)കരാർ കാലാവധി അവസാനിച്ചിട്ടും പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല

കരാറിന്റെയും ഉപകരാർ പ്രകാരം ആയതിന്റെ ദീർഘിപ്പിക്കലിന്റെയും കാലാവധി 30/12/20 ന് കഴിഞ്ഞിട്ടും നാളിതുവരെ പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ല എന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്.

Ii) സർക്കാർ ഉത്തരവ് പ്രകാരം Base Map തയ്യാറാക്കുന്നതിന് സ്ക്വയർ കി.മി ന് 7000 രൂപയാണ് നിരക്ക്.കരാർ പ്രകാരം Base Map തയ്യാറാക്കുന്നതിന് 26 സ്ക്വ.കി.മി ന് 7000 രൂപ നിരക്കിൽ ജി എസ് ടി ഉൾപ്പെടെ 182000 ഉൾപ്പെടുത്തുകയും ആയതിലേക്ക് ഡ്രോൺ ഉപയോഗിക്കുന്നത് മറ്റൊരു ഇനമായി ഉൾപ്പെടുത്തി 26 സ്ക്വ.കി.മി ന് 20,000 രൂപ നിരക്കിൽ ജി എസ് ടി ഉൾപ്പെടെ 5,20,000 രൂപ അധികമായി ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.Base Map തയ്യാറാക്കുന്നതിലേക്കായി സർക്കാർ നിശ്ചയിച്ച നിരക്കിന് പുറമെ അത് തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണത്തിന്റെ ചെലവ് കൂടി

ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് നഗരസഭയിലെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ സാങ്കേതിക ഉപദേശം തേടിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നഗരസഭയിൽ നിന്ന് മറുപടി ലഭ്യമായിട്ടില്ല.

Iii)സർക്കാർ ഉത്തരവ് പ്രകാരം Software Development Nil ചാർജ്ജ് ആണ് നല്കേണ്ടത്.വെബ് പോർട്ടൽ /ജി ഐ എസ് പോർട്ടലിന് 10,00,000 രൂപ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് നഗരസഭയിലെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ സാങ്കേതിക ഉപദേശം തേടിയതായി കാണുന്നില്ല.ഇത് സംബന്ധിച്ച് നഗരസഭയിൽ നിന്ന് മറുപടി ലഭ്യമായിട്ടില്ല.

Iv) കരാർ പ്രകാരം 2178414 രൂപ 26/5/20 ന് നല്കിയിട്ടുണ്ട്. കരാർ അനുബന്ധം സി പ്രകാരം മുൻകൂർ നല്കിയതിന് ശേഷം പിന്നീട് ബേസ് മാപ്പിന്റെ സോഫ്റ്റ്കോപ്പി നഗരസഭക്ക് ലഭിച്ചതിന് ശേഷം മാത്രം 8,35,380 രൂപ നല്കിയാൽ മതി. ബേസ് മാപ്പിന്റെ കോപ്പി ലഭിച്ചതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തി കാണുന്നില്ല. ബേസ് മാപ്പിന്റെ സോഫ്റ്റ്കോപ്പി ലഭ്യമാകുന്നതിന് മുമ്പ് തുക നല്കിയിരിക്കുന്നു.

V)ഊരാളുങ്കൽ ലേബർ സൊസൈറ്റി ആകെ നല്കിയിരിക്കുന്ന ഇൻവോയ്സ് 50,58,660 രൂപയുടേതാണ്.House Hold Survey വരെയാണ് പൂർത്തിയായതായി കാണുന്നത്. എന്നാൽ പൂർത്തീകരിക്കപ്പെട്ടതു വരെയുള്ള പ്രവൃത്തിയെ സംബന്ധിക്കുന്ന വിവരങ്ങളൊന്നും നഗരസഭയുടെ ഫയലിൽ നിന്നും ലഭ്യമല്ല.ഈ സാഹചര്യത്തിൽ മുൻകൂർ ആയി നല്കിയ 30% ആനുപാതികമായി തുടർപേയ്മെന്റുകളിൽ കരാർ പ്രകാരം തന്നെ കുറവ് ചെയ്യേണ്ടത് അനിവാര്യമായിരുന്നു.

| | |
|---|---|
| മുൻകൂർ തുക 30% | 2178414 |
| ബാക്കി തുക 3 ഘട്ടമായി നല്കുന്നതിന്റെ അനുപാതം | 8.35:52.36:11.90 (ആകെ 72.61) |
| ഊരാളുങ്കൽ ലേബർ സൊസൈറ്റി ആകെ നല്കിയിരിക്കുന്ന ഇൻവോയ്സ് തുക | 50,58,660 |
| ഇൻവോയ്സ് പ്രകാരം പൂർത്തിയായിരിക്കുന്നതായി അവകാശപ്പെടുന്ന ഘട്ടം | 2 |
| 2 ആം ഘട്ടം വരെ മുൻകൂർ തുക ക്രമീകരിക്കാവുന്നത്. | 8.35:52.36 (ആകെ 72.61 ൽ 60.71)<br>(2178414 X 52.36)/72.61=1570882 |
| 2 ആം ഘട്ടം വരെ പരമാവധി നല്കാവുന്ന തുക | 50,58,660-15,70,882 =34,87,778 |
| നല്കിയ തുക | 50,00,000 |
| കൂടുതലായി നല്കിയ തുക | 50,00,000-34,87,778 =15,12,222 |

കരാർ പ്രകാരം തന്നെ 15,12,222 രൂപ കൂടുതൽ നല്കിയതായി കാണുന്നു.കൂടുതൽ നല്കിയ തുക അടുത്തബില്ലുകളിൽ ക്രമീകരിക്കേണ്ടതാണ്.

Vi) തുക നല്കിയപ്പോൾ ആദായ നികുതി ടി ഡി എസ് കുറവ് ചെയ്തതായി കാണുന്നില്ല.

മേൽ നിരീക്ഷണങ്ങൾക്ക് നഗരസഭയിൽ നിന്ന് മറുപടി ലഭ്യമാക്കേണ്ടതുണ്ട്. നഗരസഭയുടെ താത്പര്യപ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നഗരസഭ കരാറുകാരന് നിർദ്ദേശം നല്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 52 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

## <u>1-60 വീട് ധനസഹായം- ഗുണഭോക്തൃ രജിസ്റ്റർ ഇല്ല</u>

ഗുണഭോക്താക്കൾക്ക് ഗഡുക്കളായി ധനസഹായം നല്കുന്ന പ്രോജക്റ്റുകളിൽ ഗുണഭോക്താക്കൾക്ക് നല്കുന്ന തുക നല്കുന്നതും പണി പൂർത്തീകരിക്കുന്നതും നിരീക്ഷിക്കുന്നതിന് ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ പേരിൽ അവർക്ക് വിവിധ ഘട്ടങ്ങളിലായി നല്കുന്ന തുകയുടെയും വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. സെക്രട്ടറി നടപ്പാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റുകൾ പ്രകാരം തുക നല്കിയതിന്റെ വിവരങ്ങൾ ഇപ്രകാരം

രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ ഗുണഭോക്താവിനും ആ പ്രോജക്റ്റ് പ്രകാരം അർഹമായ തുക, ഓരോ സ്റ്റേജിലും വിവിധ ഫണ്ടിൽ നിന്ന് നല്കിയതുക , മുഴുവൻ തുകയും നല്കിയോ, ധനസഹായം അർഹമായ തുക അധികരിച്ചോ തുടങ്ങിയ വിവരങ്ങൾ സ്ഥാപനത്തിന് തന്നെയോ ഓഡിറ്റിനോ പരിശോധിക്കാനാകുന്നില്ല.പ്രോജക്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ചെലവ് തുക |
|---|---|
| 4/21ലൈഫ് / പി എം എ വൈ ജനറൽ | 9350000 |
| 9/21ലൈഫ് / പി എം എ വൈ എസ് സി | 1400000 |

രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 2021-22 സാമ്പത്തിക വർഷം മുതൽ രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 63 തീ 28/1/22 ക്ക് മറുപടി നല്കിയിട്ടുണ്ട്.

## 1-61 ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.2000000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 7/21-എസ് എസ് കെ വിഹിതം നല്കൽ (G3-9829/20) | 13 | 27/5/20 | 2000000 | District Project Office SSK Thrissur ന് കൈമാറിയ തുക, 1.കൈപ്പറ്റ് രസീത് ഇല്ല 2.തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഇല്ല |

ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതുവരെ 2000000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 52 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-62 തെരുവ് നായ്ക്കളുടെ നിയന്ത്രണം-വിനിയോഗ സാക്ഷ്യപത്രം ഇല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പദ്ധതി നമ്പർ-26/21

ബിൽ നമ്പർ-9/14.1.21-300000/-രൂ

മേൽ പദ്ധതിക്കായി കുടുംബശ്രീ ജില്ലാ മിഷന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പടുത്തുന്നു. .

## 1-63 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ഇല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പദ്ധതി നമ്പർ-23/21

ബിൽ നമ്പർ-9/14.1.21-300000/-രൂ

40പേർക്ക് 12500 വീതം ആകെ 500000/-രൂപ എസ് എൽ ബി പി ക്ക് കൈമാറിയിട്ടുണ്ട്. ഫീഡ് നൽകുന്ന സൊസൈറ്റിയുടെ നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ ചന്ദ്രിക മാമ്പ്രക്കാട്ടിൽ എന്ന വ്യക്തി പദ്ധതിയിൽ നിന്നും വിട്ടുപോയതായി കാണുന്നു. പദ്ധതി അവസാനിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പദ്ധതി വിഹിതം വിനിയോഗിക്കാത്തവരുടെ വിഹിതം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-64 സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് തുക അടവാക്കുന്നില്ല

ഫയൽ നമ്പർ-എ2-21961/17

ഓഡിറ്റ്എൻക്വയറി നമ്പർ-66/29.01.2022

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം- റിട്ടയർമെന്റ് ബെനഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റേയും മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്കുമുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവു വക്കുന്നതിന് ഡയറക്ടറുടെ പേരിൽ സെക്രട്ടറി അയച്ചു നൽകേണ്ടതാണ്. ചട്ടം 8(2) പ്രകാരം ഏതെങ്കിലും ജീവനക്കാരന് കുടിശ്ശിക ഇനത്തിലോ മറ്റോ വേതനം നൽകേണ്ടി വരികയോ ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരം ഉള്ള ബില്ലിൽ തന്നെ ബന്ധപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതം ഉൾപ്പെടുത്തി ബില്ല് പാസ്സാക്കേണ്ടതും ബില്ല് മാറി 15 ദിവസത്തിനകം പെൻഷൻ വിഹിതം 1-ാം ഉപചട്ടത്തിൽ പറഞ്ഞ വിധം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

നഗരസഭയിലെ ജീവനക്കാരുടെ സെൻട്രൽ പെൻഷൻ വിഹിതം ഇനത്തിൽ ഉള്ള കുടിശ്ശിക 2,35,64,156/- രൂപയാണ്.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം- റിട്ടയർമെന്റ് ബെനഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 8(4) 1ഉം 2ഉം ഉപചട്ടത്തിൽ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ ഡിമാന്റ് ഡ്രാഫ്റ്റ് ഡയറക്ടർക്ക് അയക്കാത്ത പക്ഷം വീഴ്ച വരുത്തിയ കാലയളവിലേക്ക് സേവിങ്സ് ബാങ്ക് നിക്ഷേപത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ നൽകുവാൻ മുനിസിപ്പാലിറ്റിക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്. ചട്ടം 8(6) ൽ പെൻഷൻ വിഹിതവും പലിശയും നിശ്ചിത സമയത്തിനുള്ളിൽ അടവാക്കുവാൻ വീഴ്ച വരുത്തുന്ന പക്ഷം ആക്ടിലെ 309 ാം വകുപ്പ് പ്രകാരം തുക ഈടാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

നഗരസഭക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് കുടിശ്ശിക ഇനത്തിൽ 3,31,81,977/-രൂപ ലഭിക്കുവാനുണ്ട്. നഗരസഭ നിലവിൽ തനത് ഫണ്ടിൽ നിന്നാണ് ജീവനക്കാരുടെ പെൻഷൻ വിഹിതം നൽകിക്കൊണ്ടിരിക്കുന്നത്.

കുടിശ്ശിക തുക അടവാക്കുന്നതിനും നഗരസഭക്ക് ലഭിക്കേണ്ട അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-65 വക്കീൽ ഫീസ് നൽകിയത്- ടി ഡി എസ് കുറവ് ചെയ്തിട്ടില്ല</u>

നഗരസഭയിലെ വിവിധ കേസുകൾ നടത്തിയതിന് വക്കീൽ ഫീസ് ഇനത്തിൽ നൽകിയ തുകയിൽ നിന്നും ആദായനികുതി വകുപ്പ് 194 ജെ പ്രകാരമുള്ള 10% ടി ഡി എസ് കുറവ് ചെയ്തിട്ടില്ല.

| ക്രമ നം | ചെക്ക് നം,തിയതി,തുക | കേസ് നം,ഫയൽ നം | വക്കീൽ ഫീസ് നൽകിയത്, വക്കീലിന്റെ പേര് |
|---|---|---|---|
| 1 | 669445/27.05.2020 37,000/- | WA-1413/16 InWPC-31283/15, R3-9978/16 | 15,000, അഡ്വ. അശോക് കുമാർ |
| 2 | 669445/27.05.2020 37,000/- | WPC 27389/19, R3-127162 | 15,000, അഡ്വ. അശോക് കുമാർ |
| 3 | 669451/02.06.2020 18,500/- | WPC 14404/19, R3-10663/19 | 15,000, അഡ്വ. അശോക് കുമാർ |
| 4 | 768957/24.06.2020 18,500/- | WPC-17943/19, R3-12932/19 | 15,000, അഡ്വ. അശോക് കുമാർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.69/29.01.2022) മറുപടി ലഭ്യമാക്കിയില്ല. തുടർന്നുള്ള വർഷങ്ങളിൽ വക്കീൽ ഫീസ് നൽകുമ്പോൾ ടി ഡി എസ് കുറവ് ചെയ്ത് അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-66 വാട്ടർ അതോറിറ്റിയിൽ നിന്നും തുക തിരികെ ലഭ്യമാക്കിയിട്ടില്ല

കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് പ്രകാരം തുക മുൻകൂർ നൽകിയതിൽ പൂർത്തീകരണസർട്ടിഫിക്കറ്റ് ലഭ്യമായത് പരിശോധിച്ചപ്പോൾ നൽകിയതിനേക്കാൾ കുറവ് തുകയാണ് ചെലവായിട്ടുള്ളതെന്ന് കാണുന്നു. കൂടുതൽ നൽകിയ തുക തിരിച്ച് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ:

| ക്രമ നം | വൗച്ചർ നം/ചെക്ക് നം.,തിയതി,തുക | പ്രവൃത്തി | ചെലവായത് | അധികം നൽകിയത് | നൽകിയത് |
|---|---|---|---|---|---|
| 1 | 669492/11.06.2020 1,42,000/- | വാർഡ് 35 ൽ തച്ചുടപ്പറമ്പ് ശ്മശാനം മൈതാനം റോഡിൽ കുടിവെള്ളപൈപ്പ് ലൈൻ നീട്ടുന്നതിനായി | 1,06,002/- | 35,998/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ,പി എച്ച് ഡിവിഷൻ,ഇരിങ്ങാലക്കട |
| 2 | 2200082/28.04.2020 77,000/- | വാർഡ് 22 ൽ കെ.കെ റോഡിൽ നിന്നും തുടങ്ങി മൈത്രി നഗറിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടുന്നതിന് | 76,012/- | 988/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ,പി എച്ച് ഡിവിഷൻ,ഇരിങ്ങാലക്കട |
| 3 | 22000194/19.05.2020 30,000/- | ഖരമാലിന്യ സംസ്കരണപ്ലാന്റിൽ വാട്ടർ കണക്ഷൻ എടുക്കുന്നതിനായി | 28,179/- | 1821/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ,പി എച്ച് ഡിവിഷൻ,ഇരിങ്ങാലക്കട |
| | | ആകെ തിരികെ ലഭ്യമാകാനുള്ളത് | | 38,807/- | |

തിരികെ ലഭ്യമാകാനുള്ള തുക ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.67/29.01.2022,68/29.01.2022) മറുപടിയായി ബാക്കി തുക ലഭ്യമാക്കാമെന്ന് വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

## 1-67 താലൂക്ക് ആശുപത്രിയിൽ ഹൈടെൻഷൻ വലിയ്ക്കൽ- എസ്റ്റിമേറ്റിനേക്കാൾ അധികതുക നൽകി- പ്രൊജക്റ്റ് പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നം.264/21
നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി
അടങ്കൽ-800,000/-(മെയിന്റനൻസ് ഫണ്ട്)(നോൺറോഡ്)
ചെലവ്-4,00,000/-(വൗച്ചർ നം.22002171 തി.12.04.2020)
4,00,000/- (വൗച്ചർ നം.22002172 തി.12.04.2020)

മേല്പറഞ്ഞ പ്രൊജക്റ്റിനുവേണ്ടി 2017-18 വർഷത്തിൽ 8,00,000/-രൂപ, 2018-19 വർഷത്തിൽ 15,00,000/- രൂപ എന്നിങ്ങനെ മൊത്തം 23,00,000/- രൂപ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന് നൽകിയിട്ടുണ്ട്. 2017-18 വർഷത്തിൽ നൽകിയ 800,000/- രൂപ പൊതുമരാമത്ത് വിഭാഗത്തിൽ ലഭിച്ചിട്ടില്ല എന്നറിയിച്ചതനുസരിച്ച് 2019-20 ൽ തുക വകയിരുത്തിയെങ്കിലും ചെലവഴിക്കുകയുണ്ടായില്ല. തുടർന്ന് സ്പിൽ ഓവറായി 2020-21 വർഷത്തിൽ തുക വകയിരുത്തി പൊതുമരാമത്ത് ഇലക്ട്രിക് വിഭാഗത്തിന് നൽകുകയാണുണ്ടായത്. പ്രസ്തുത പ്രൊജക്റ്റ് നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1. ട്രഷറിയിൽ നിന്നും പ്രസ്തുത തുക നൽകിയിട്ടില്ലെന്ന് അറിയിച്ചെങ്കിലും 2017-18 വർഷത്തിൽ നഗരസഭയുടെ കണക്ക് പ്രകാരം ചെലവായ തുകയായിട്ടാണ് 8,00,000/- കാണിച്ചിട്ടുള്ളത്.
2. പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ (ഇലക്ട്രിക്കൽ വിഭാഗം)എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റ് തുക 22,50,000/- രൂപയാണ്. (20 Lakhs+Centage Charges@12.5%)(Letter No.EDT-A2-691/2019 തിയതി 19.02.2019). എന്നാൽ പ്രസ്തുത പ്രവൃത്തിയ്ക്കായി മൊത്തം 23 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടില്ല.
3. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.16/21.01.2022) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-68 പാലിയേറ്റീവ് കെയർ പ്രൊജക്റ്റ്- ഫിസിയോ തെറാപ്പിസ്റ്റിന്റെ നിയമനം-സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം.46/21-പാലിയേറ്റീവ് കെയർ പ്രൊജക്റ്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, ചാലക്കുടി

അടങ്കൽ-10,50,000(വികസനഫണ്ട് ,ജനറൽ)

ചെലവ്-10,49,914(വികസനഫണ്ട് ,ജനറൽ)

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ.(സാധാ)നം.553/2019/ത.സ്വ.ഭ.വ. തി.07.03.2019 ഖണ്ഡിക 2.14 പ്രകാരം ഫിസിയോ തെറാപ്പി സേവനം ആവശ്യമുള്ള രോഗികളെ സി എച്ച് സി യിലേയ്ക്ക് റഫർ ചെയ്ത് സി എച്ച് സി വഴി ലഭ്യമാക്കിയിട്ടുള്ള ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതുവഴി രോഗികൾക്ക് ആവശ്യമായ സേവനം ലഭ്യമാകുന്നില്ല എങ്കിൽ ബാച്ചിലർ ഓഫ് ഫിസിയോ തെറാപ്പി പാസായിട്ടുള്ള ഒരാളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇങ്ങനെ നിയമനം നടത്തുമ്പോൾ ഒരു മാസത്തിൽ കുറഞ്ഞത് ഒരു ദിവസം ഗൃഹസന്ദർശനം നടത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു വർഷത്തിൽ പരമാവധി 20 ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി സേവനം നൽകിയ ദിവസങ്ങൾക്ക് ഒരു ദിവസത്തിന് 800/- രൂപ നിരക്കിൽ വേതനം നൽകാവുന്നതാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവനുസരിച്ച് ഒരു വർഷം പരമാവധി നൽകാവുന്ന വേതനം 16,000/-രൂപയാണ്(20x800) . ഇതിനു വിരുദ്ധമായി താഴെപ്പറയും പ്രകാരം ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിച്ച് വേതനം നൽകിയതായി കാണുന്നു.

| ക്രമ നം. | വൗച്ചർ നം,തിയതി, തുക | ഫിസിയോ തെറാപ്പിസ്റ്റിന് നൽകിയ വേതനം | ഏതു മാസത്തേയ്ക്ക് | റിമാർക്സ് |
|---|---|---|---|---|
| 1 | 22001988 04.06.2020 29,000 | 14,000 | 5/20 | ശ്രീമതി റെറ്റി റോയ് |
| 2 | 22002004 10.07.2020 31,040 | 15,000 | 6/20 | ശ്രീമതി റെറ്റി റോയ് |
| 3 | 22002013 04.08.2020 32,733 | 15,000 | 7/20 | ശ്രീമതി റെറ്റി റോയ് |
| 4 | 22002030 26.08.2020 39,560 | 15,000 | 8/20 | ശ്രീമതി റെറ്റി റോയ് |
| 5 | 22002048 10.10.2020 39,725 | 15,000 | 9/20 | ശ്രീമതി റെറ്റി റോയ് |
| 6 | 22002057 03.11.2020 30,000 | 15000 | 10/20 | ശ്രീമതി റെറ്റി റോയ് |
| 7 | 22002075 02.12.2020 | 15000 | 11/20 | ശ്രീമതി റെറ്റി റോയ് |

| | | | | |
|---|---|---|---|---|
| | 40,725 | | | |
| 8 | 22002085<br>06.01.2021<br>40,725 | 15000 | 12/20 | ശ്രീമതി റെറ്റി റോയ് |
| 9 | 22002102<br>04.02.2021<br>47,777 | 15000 | 01/21 | ശ്രീമതി റെറ്റി റോയ് |
| 10 | 22002297<br>12.03.2021<br>40,010 | 15000 | 02/21 | ശ്രീമതി റെറ്റി റോയ് |
| 11 | 22002343<br>26.03.2021<br>45,640 | 15000 | 03/21 | ശ്രീമതി റെറ്റി റോയ് |
| | ആകെ | 1,64,000 | | |
| | നൽകാവുന്നത് | 16,000 | | |
| | അധികം നൽകിയത് | 1,48,000 | | |

അധിക തുക നൽകിയതിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(14/21.01.2022)യ്ക്ക് നൽകിയ മറുപടി തൃപ്തികരമല്ല. സർക്കാർ സാധൂകരണം ലഭ്യമാകുന്നതുവരെ അധികം നൽകിയ 1,48,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-69 നൽകിയ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി
കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.13/21.01.2022)

| ക്രമനം | പ്രൊജക്റ്റ് നം.,പേര് | വൗച്ചർ നം,തിയതി,തുക | പ്രൊഫോർ ഇൻവോയ്സ് നം,തിയതി,തുക | മരുന്ന് ലഭ്യമായത് | ഇനി ലഭ്യമാകാനുള്ളത് |
|---|---|---|---|---|---|
| 1 | 46/21-പാലിയേറ്റീവ് കെയർ | 22002002/24.06.2020<br>1,75,022/- | PRF1080/17.06.2020<br>1,71,520/- | 1,10,315/- | 61,205/- |
| 2 | 48/21-വി ആർ പുരം ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്ന് വാങ്ങൽ | 22002020/06.08.2020<br>19,793/- | PRF1441/15.07.2020<br>19793/- | 6,372/- | 13,241/- |

നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-70 ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ കളക്ട്സ് അറ്റ് സ്കൂൾ പദ്ധതി -ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഹെൽത്ത് ഓഫീസർ നിർവഹണോദ്യഗസ്ഥനായ ഈ പദ്ധതിയിൽ, ചാലക്കുടി നഗരസഭാപരിധിയിലെ സർക്കാർ സ്കൂളുകളിൽ മാലിന്യം ശേഖരിക്കുന്നതിനുള്ള വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതിയിൽ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷനിൽ നിന്നും 20 വേസ്റ്റ് ബിന്നുകൾ 7400/ രൂപാ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ആയതിന് ബിൽ നം.5/20-21 Dt.8-5-20 പ്രകാരം ,148000/ രൂപാ നൽകിയിട്ടുണ്ട്.

എന്നാൽ താഴെ പറയുന്ന സ്കൂളുകൾ മാത്രമാണ് വേസ്റ്റ് ബിന്നുകൾ കൈപ്പറ്റിയതായുള്ള രശീതുകൾ ഹാജരാക്കിയിട്ടുള്ളത്.

ഗവ. ഈസ്റ്റ് എൽ പി സ്കൂൾ-4

ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, വി ആർ പുരം-4

ബാക്കി 12 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക, 12x7400=88800/ രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-71 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക, 19,48,86,087 രൂപ

പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 3/21 വരെ 19,48, 86,087 രൂപയാണ്. കുടിശ്ശിക വർദ്ധിക്കുന്ന സാഹചര്യത്തിൽ , ഓരോ ഡി വിഷനിലേയും പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൗൺസിലർമാരോട് വിവരങ്ങൾ നൽകാൻ പലതവണ ആവശ്യപ്പെടുന്നതായി മിനിറ്റ്സ് പരിശോധനയിൽ വ്യക്തമായി. അതിന് ശേഷം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി , പൊതുടാപ്പുകളുടെ എണ്ണം നിശ്ചയിക്കാനും തീരുമാനം പലപ്രാവശ്യം എടുത്തിട്ടുണ്ടെങ്കിലും ,കൗൺസിലർമാർ അവരവരുടെ ഡിവിഷനുകളിലെ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുകയോ, സംയുക്തപരിശോധന നടത്തുകയോ ചെയ്തിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തേണ്ടതും പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഒഴിവാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-72 മാലിന്യസംസ്കരണം ഗാർഹികതലം-പദ്ധതിയിലെ ഗുണഭോക്തൃവിഹിതം ആനുപാതികമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.186ൽ, നിർവഹണ ഏജൻസിയായ, സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷനിൽ നിന്നും, മാലിന്യ സംസ്കരണ ഉപാധികൾ വാങ്ങുന്നതിനായി, ധനകാര്യകമ്മീഷൻ ഗ്രാന്റ്, 2742500/ രൂപാ വിനിയോഗിച്ചതായി സുലേഖ ചെലവ് പത്രികയിൽ നിന്നും വ്യക്തമായി. ഗുണഭോക്തൃവിഹിതം പിരിക്കേണ്ട ഈ പദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഉപയോഗിച്ചതായി ചെലവ് പത്രികയിൽ കാണുന്നില്ല. എന്നാൽ പദ്ധതി ഫയൽ പരിശോധനയിൽ, ഗുണഭോക്തൃവിഹിതം ഉപയോഗിച്ചതായി കാണുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.50 /27.01.2022) ധനകാര്യ കമ്മീഷൻ ഗ്രാന്റിന് പുറമേ, ഗുണഭോക്തൃവിഹിതവും കൂടി ഉപയോഗിച്ചതായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി വിഹിതത്തിന് ആനുപാതികമായി, ഗുണഭോക്തൃവിഹിതം ഉപയോഗിക്കാതെ , വിർവഹണ ഏജൻസിക്ക് നൽകാനുള്ള തുക ,ഘട്ടം ഘട്ടമായി പദ്ധതി വിഹിതത്തിൽ നിന്നും ഗുണഭോക്തൃവിഹിതത്തിൽ നിന്നും നൽകുന്ന പതിവാണ് നഗരസഭയിൽ നിലനിൽക്കുന്നത്.

ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കേണ്ട പദ്ധതികളിൽ , മാർഗരേഖയിൽ നിഷ്കർഷിക്കുന്ന പ്രകാരം ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കേണ്ടതും, പദ്ധതിവിഹിതം ഉപയോഗിക്കുന്നതിന് ആനുപാതികമായി ഗുണഭോക്തൃവിഹിതം ഉപയോഗിക്കേണ്ടതുമാണ്.

## 1-73 ഹോമിയോ ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ-പ്രോജക്റ്റിൽ ഉൾപ്പെടാത്ത ഉപകരണങ്ങൾ വാങ്ങിയത് ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.243/21, ഹോമിയോ ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്നതിൽ, ഹോമിയോ ഡോക്ടറുടെ ആവശ്യ പ്രകാരം, മെഡിസിൻ റാക്ക്, എക്സിക്യൂട്ടീവ് ചെയർ, പെഡസ്റ്റൽ ഫാൻ, വാൾ ഫാൻ എന്നിവ ആർട്ട്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആർട്ട്കോയുടെ ഇൻവോയ്സ് നം.620, തിയതി.9-3-20 പ്രകാരം,

മെഡിസിൻ റാക്ക്-2

എക്സിക്യൂട്ടീവ് ചെയർ-1

പെഡസ്റ്റൽ ഫാൻ-2

വാൾ ഫാൻ-1

എന്നിവ, 77212/ രൂപയ്ക്ക് സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ ബിൽ നം.1/20-21,Dt.22-4-20 പ്രകാരം,82605/ രൂപയുടെ ബില്ല് മാറി , അതിൽ നിന്നും,77212/ രൂപ ആർട്ടകോ നൽകിയിട്ടുണ്ട്. ബാക്കി തുക,5393/രൂപാ, ശ്രീ. വി.സി.ബാലസുബ്രഹ്മണ്യൻ എന്നയാൾക്ക്, കാരുണ്യാ ഫാർമസിയിൽ നിന്നും, സ്റ്റെതസ്കോപ്പ്, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് എന്നിവ വാങ്ങിയതിന്റെ തുകയായി നൽകിയിട്ടുണ്ട്. പ്രോജക്റ്റിൽ പരാമർശിച്ചിട്ടില്ലാത്ത ഹോമിയോ ഡോക്ടർ ആവശ്യപ്പെടാത്തതായ മേൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | ലഭ്യമല്ല | 2000000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | SANCTION | 39200000 | 37360000 | 3386667(മുതൽ) | | 33973333 |

| | | | | | |
|---|---|---|---|---|---|
| | ORDER NO 2278/ 18/08/2018 | | | | |
| FEDERAL BANK | ORDER NO 1046/ 04/06/2020 | 3680000 | 3680000 | 0 | 3680000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 608957 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 608957 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 608957 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2016-17 | 3.1 | 2017-18 | സ്റ്റേഡിയത്തിനായി അക്വയർ ചെയ്ത വകയിൽ ബാധ്യത | നിലവിൽ 18 കോടിരൂപ ബാധ്യതയുണ്ട്. ഏറ്റെടുത്ത സ്ഥലത്ത് സ്റ്റേഡിയ നിർമ്മാണം പൂർത്തികരിച്ചുവരുന്നു |
| 2016-17 | 3.6 | 2017-18 | 2010-11ൽ അംഗീകാരം ലഭിച്ച ഇൻഫോർമേഷൻ എഡ്യൂക്കേഷൻ ആന്റ് ട്രഡീഷണൽ കൾച്ചർ സെന്റർ നിർമ്മാണം പൂർത്തിക്കരിച്ചിട്ടില്ല | പൂർത്തികരിച്ചു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളുടെ വിവരം ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34,18,17,728 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34,61,85,056 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,82,41,788 |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-46 | 2,03,291 | ആകാശ്.എം.എസ്,മുനിസിപ്പൽ സെക്രട്ടറി |
| 1-48 | 87,07,383 | ശ്രീ.അശോക് കുമാർ അസി.എഞ്ചിനീയർ |
| 1-50 | 22,55,503 | സുഭാഷ്.എം.കെ മുനിസിപ്പൽ എഞ്ചിനീയർ |
| 1-51 | 5,00,000 | ആകാശ്.എം.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-52 | 1,98,180 | ,, |
| 1-53 | 22,703 | ,, |
| 1-54 | 6,12,535 | ,, |
| 1-55 | 10,00,000 | ,, |
| 1-56 | 20.00.000 | ,, |
| 1-57 | 1,50,000 | ,, |
| 1-61 | 20,00.000 | ,, |
| 1-62 | 300,000 | ശ്രീമതി മോളി ആന്റണി, വെറ്ററിനറി സർജൻ |
| 1-67 | 50,000 | ഡോ ഷീജ എൻ എ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| 1-68 | 1,48,000 | ,, |
| 1-70 | 88,800 | ശ്രീ ബാലസുബ്രഹ്മണ്യം വി സി, ഹെൽത്ത് സൂപ്പർവൈസർ |
| 1-73 | 5,393 | ,, |
| ആകെ | 1,82,41,788 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആകാശ്.എം.എസ് മുനിസിപ്പൽ സെക്രട്ടറി | സെക്രട്ടറി , ചാലക്കുടി | മാൻകിഴിയിൽ വീട് പുലിക്കുട്ടിശ്ശേരി.പി.ഒ |

| | | |
|---|---|---|
| | നഗരസഭ | അയ്മനം, കോട്ടയം |
| ശ്രീ. സുഭാഷ്.എം.കെ<br>മുനിസിപ്പൽ എഞ്ചിനീയർ | M.E ചാലക്കുടി നഗരസഭ | മണ്ണാശ്ശേരി ഹൗസ് കൊരട്ടി.പി.ഒ തൃശ്ശൂർ-680308 |
| ശ്രീ. അശോക് കുമാർ<br>അസി.എഞ്ചിനീയർ | A.E ചാലക്കുടി നഗരസഭ | കാവിൽ വീട് പി.ഒ.കൊടകര തൃശ്ശൂർ-680684 |
| ശ്രീമതി. മോളി ആന്റണി<br>വെറ്ററിനറി സർജൻ | വെറ്ററിനറി ഹോസ്പിറ്റൽ ചാലക്കുടി | വെളിയത്ത് ഹൌസ് , വെസ്റ്റ് അങ്ങാടി,കൊരട്ടി-(P.O) PIN- 680308 |
| ശ്രീ. ബാലസുബ്രമണ്യം<br>ഹെൽത്ത് സൂപ്പർവൈസർ | തൃശ്ശൂർ കോർപ്പറേഷൻ | Harwin Nest, ഇയ്യുണ്ണി റോഡ് തൃശ്ശൂർ |
| ഡോ. ഷീജ.എൻ.എ.<br>സൂപ്രണ്ട് | താലൂക്ക് ആശുപത്രി, ചാലക്കുടി | നെല്ലിലാൽ ഹൌസ് പുത്തൻചിറ (S) പുത്തൻചിറ (പി.ഒ) പിൻ – 680682 |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1975-76 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1976-77 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1977-78 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1978-79 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1979-80 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1980-81 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1981-82 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1982-83 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1983-84 | എൽ.എഫ്.ടി.4-646/89/08-08-89 |
| 1984-85 | എൽ.എഫ്.ടി.4-1551/90/26-06-91 |
| 1985-86 | എൽ.എഫ്.ടി.4-332/93/15-10-93 |
| 1986-87 | എൽ.എഫ്.ടി.4-1431/93/18-10-94 |
| 1987-88 | എൽ.എഫ്.ടി.4-863/95/05-02-96 |
| 1988-89 | എൽ.എഫ്.ടി.4-863/98/05-02-96 |

| | |
|---|---|
| 1991-92, 1992-93 | എൽ.എഫ്.ടി.4-1163/97/01-01-98/05-02-98 |
| 1993-94 | എൽ.എഫ്.ടി.4-1330/05/23-12-05/07-04-06 |
| 1994-95, 95-96 | എൽ.എഫ്.ടി.4-1400/08/15-12-09 |
| 1996-97 | എൽ.എഫ്.ടി.4-1423/08/15-12-09 |
| 1997-98 | എൽ.എഫ്.ടി.4-1430/08/15-12-09 |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-742/96/02-11-98 |
| 1997-98 (ചെലവ്) | എൽ.എഫ്.ടി.4-809/99/28-08-99 |
| 1998-99 (ചെലവ്) | എൽ.എഫ്.ടി.4-1136/01/01-06-02 |
| 1999-2000 (വരവ്) | എൽ.എഫ്.ടി.4-652/09/23-04-10 |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.4-598/02/09-08-02 |
| 2000-01 (ചെലവ്) | എൽ.എഫ്.ടി.4-1461/04/14-12-04 |
| 2001-02 (വരവ്) | എൽ.എഫ്.ടി.4-654/09/23-04-10 |
| 2002-03 | എൽ.എഫ്.ടി.4-655/09/23-04-10/29-10-10 |
| 2003-04 | എൽ.എഫ്.ടി.4-656/09/21-06-10/13-10-10 |
| 2004-05 | എൽ.എഫ്.ടി.4-657/09/22-06-10/23-10-10 |
| 2005-06 | എൽ.എഫ്.ടി.4-859/02-11-11/09-01-12 |
| 2006-07 | എൽ.എഫ്.ടി.4-949/02-11-11/07-01-12 |
| 2008-09 | എൽ.എഫ്.ടി(എം)1905/11/30-12-11 |
| 2009-10 | എൽ.എഫ്.ടി(എം)2612/11/19-06-12 |
| 2000-01 (വരവ്) | എൽ.എഫ്.ടി.4-653/81/23-04-10 |
| 2001-02 | എൽ.എഫ്.ടി.4-1329/05/15-01-06 |

| | |
|---|---|
| (ചെലവ്) | |
| 2010-11 | എൽ.എഫ്.ടി(എം)2613/11/19-06-12/08-08-12 |
| 2011-12 | എൽ.എഫ്.ടി(എം)2467/12/തി.13-03-13/11-06-13 |
| 2012-13 | എൽ.എഫ്.ടി(എം)-850/14 തി09-10-14/08-12-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(എം)1272/15 തീയതി.17.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(എം)1439/16 തീയതി.8.8.16 |
| 2015-16 | കെ.എസ്. എ.ടി.എസ്.ആർ.(എം)98/2017 തീയതി.31.01.2017 |
| 2016-17 | കെ.എസ്. എ.ടി.എസ്.ആർ.(എം)161.5/2017 തീയതി.15.11.2017 |
| 2017-18 | കെ.എസ്. എ.ടി.എസ്.ആർ. (എം)864/2019തീയതി.10.07.2019 |
| 2018-19 | നം. കെ.എസ്.എ. ടി.എസ്.ആർ(എം.)324/2020തീയതി: 02/07/2020 |
| 2019-20 | നം. കെ.എസ്.എ. ടി.എസ്.ആർ(എം.)3 – 161/2022 തീയതി. 02/04/2022 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്